


വലിയ നോമ്പിലെ ധ്യാനവിഷയം.

# കർമ്മല കുസുമം.

പുസ്തകം ൨൭.)    ഫെബ്രുവരി.    (ലക്കം ൨.

# അനുതാപകീർത്തനം

(റവ. ഫാദർ മാത്യു വടക്കയിൽ)

(രങ്കനായകോനി മട്ട്    കമാച്ചു് രൂപകം.)

പല്ലവി.

സ്വർഗ്ഗരാജനാകുമെൻെറ ഏശുനാഥനെ!

അനുപല്ലവി.

നിൻെറ കാരുണ്യാർണ്ണവംമെ ആശ്രയം സദാ!
എൻെറ ജീവനാഥ! പാഹി! പാഹിമാം.

ചരണങ്ങൾ.

എന്നെയോർത്തു നീ സഹിച്ച പാട്ടപീഡകൾ
സന്നതാംഗ സബലമായ കോട്ടമെ സദാ.    എൻെറ.
നിൻ തിരുമെയ്തന്നിലുള്ള തിരുമുറിവുകൾ
സന്തതംമെ ദാഹമാററും ജലധിയാകട്ടെ.    എൻെറ.
ക്രൂശിൽനീയെനിക്കുവേണ്ടി ചിന്തിയ രക്തം
നാശപാപ കന്മഷത്തെ കഴുകി മാററട്ടെ.    എൻെറ.
ജീവനെ നീ സംത്യജിച്ച; ദിവ്യമാം ബലി
ദേവലോക വീക്ഷണത്തെ നൽകിടട്ടെമെ.    എൻെറ.
ദുഷ്ടനായ സാത്താനെന്നെ പീഡിപ്പിക്കുമ്പോൾ
ശിഷ്ടമായോരാശ്രയം നീ മാത്രമാണല്ലൊ.    എൻെറ.

# പ്രസാധകക്കുറിപ്പുകൾ.

ശുദ്ധീകരണത്തിരുനാൾ

ഫെബ്രുവരിമാസം ൨-ാംനു- ദൈവജനനിയുടെശുദ്ധീകരണത്തിരുനാൾ ആഘോഷിക്കപ്പെടുന്നു. ആൺകുട്ടിയെ പ്രസവിച്ച തള്ള നാല്പതാംദിവസവും, പെൺകുട്ടിയെ പ്രസവിച്ചവൾ എൺപതാംദിവസവും ദേവാലയത്തിൽ ചെന്നു ശുദ്ധീകരണം നടത്തണമെന്നു മൂശയുടെ പ്രമാണത്തിൽ കല്പിക്കപ്പെട്ടിരുന്നതനുസരിച്ചാണു ദൈവജനനിയാ

യ പരിശുദ്ധ കന്യകമറിയവും ഈ ക്രമം അനുഷ്ഠിച്ചതു. എന്നാൽ റൂഹാദക്കുദാശായാലേ അത്ഭുതമായി ദൈവപുത്രനെ ഗർഭംധരിച്ച ഈ വിമലകന്യക ഇപ്രകാരമുള്ള ഒരു ശുദ്ധീകരണത്തിന്നു ഒരു വിധത്തിലും കടപ്പെട്ടവളായിരുന്നില്ല. എങ്കിലും തന്റെ എളിമയുടെ ആധിക്യത്താലും, പ്രമാണങ്ങൾ അനുസരിക്കുന്നതിന്നുള്ള തന്റെ ഉത്സാഹത്താലും താൻ അനുഷ്ഠിച്ച ഈ കർമ്മം നമ്മുടെ അഹങ്കാരത്തിന്നു ഒരു ഔഷധവും, നമ്മുടെ ആജ്ഞാലംഘനങ്ങൾക്കു ഒരു പ്രതിവിധിയുമായിരിക്കേണ്ടതാണു. ഉണ്ണിയേ കാഴ്ചവച്ചപ്പോൾ ദീർഘദർശിയായ വി. ശെമഓൻ ബാവാ 'പുറജാതിക്കാരുടെ വെളിപാടിന്നായുള്ള വെളിച്ചം' എന്നു പാടിയതിനെ അനുസ്മരിച്ചുകൊണ്ടാകുന്നു ഈ തിരുനാളവസരത്തിൽ മെഴുകുതിരികൾ ആശീർവ്വദിക്കുന്നതും, അവയെ കത്തിച്ചുകൊണ്ടുള്ള പ്രദക്ഷിണം നടത്തുന്നതും. നമ്മുടെ ഹൃദയങ്ങളിലും, വിശിഷ്യ ദൈവവെളിപാടുകളെ ഇതേവരെ ഗ്രഹിക്കാത്ത അവിശ്വാസികളുടെ ഹൃദയങ്ങളിലും, വിശ്വാസവെളിച്ചം മേല്ക്കുമേൽ കത്തിവളരുവാൻ ഇന്നു നാം പ്രത്യേകം പ്രാർത്ഥിക്കണം.

## നോമ്പുകാലം.

ഈ മാസം 10-ാംനു- അമ്പതുനോമ്പു ആരംഭിക്കുന്നു. ദിവ്യരക്ഷനാഥന്റെ മാതൃകയെ അനുകരിച്ചുകൊണ്ടു പൂർവ്വക്രിസ്ത്യാനികൾ ഈ തപസ്സുകാലം എത്ര അനുതാപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അരുചിയോടുകൂടിയാണു കഴിച്ചുകൂട്ടിയിരുന്നതെന്നുള്ളതിനു ഇന്നും ചരിത്രം സാക്ഷ്യംവഹിക്കുന്നു. എല്ലാദിവസവും അവർ ഉപവസിച്ചിരുന്നു. വൈകുന്നേരം അല്പഭക്ഷണം മാത്രം കഴിച്ചിരുന്നു. മാംസംമാത്രമല്ല, വെണ്ണ, മുട്ട, മത്സ്യം, വീഞ്ഞു ആദിയായവയെല്ലാം അവർ പൂർണ്ണമായി പരിത്യജിച്ചിരുന്നു. കഠിനമായ തപസ്സുകളും നിരന്തരമായ പ്രാർത്ഥനകളും അനുഷ്ഠിച്ചിരുന്നു. ഇപ്പോഴാകട്ടെ തിരുസഭ അനുഗ്രഹമുള്ള മാതാവിന്റെ ദയാദൃഷ്ടിയോടുകൂടെ നോമ്പുകാലത്തെ ചുമതലകൾ അത്യന്തം ലഘൂകരിച്ചിട്ടുണ്ടു്. വെള്ളിയാഴ്ച ദിവസങ്ങൾ മാത്രമേ ഉപവാസം നിശ്ചയിച്ചിട്ടുള്ളു. അതുകൂടെയും അലക്ഷ്യമായി കരുതി ഉപേക്ഷിക്കുന്ന ക്രിസ്ത്യാനികൾ ക്രിസ്ത്യാനി എന്ന മഹത്വമേറിയ നാമത്തിനു് അർഹന്മാരാകുന്നതെങ്ങിനെ? വി. അംബ്രോസീസു അവരേപ്പററി ഇപ്രകാരം ചോദിക്കുന്നു "കഷ്ടം! അവർ എന്തുതരം ക്രിസ്ത്യാനികളാണു? ഒരിക്കലുംപാപം ചെയ്യാത്തവനായ മ്ശിഹാ നമ്മുടെ പാപങ്ങൾക്കുവേണ്ടി ഉപവസിച്ചു. പലപ്പോഴും അനവധി പാപങ്ങളെ ചെയ്യുവരായ നാം അവയ്ക്കു പരിഹാരമായി തപസ്സു ചെയ്വാൻ വിസമ്മതിക്കുന്നുവോ?" ആകയാൽതിരുസഭയുടെ നിയോഗത്തോടു ചേർന്നുകൊണ്ടു പാപപരിഹാരകാലമായ ഈ നോമ്പു ഫലപ്രദമായ വിധത്തിൽ കഴിച്ചുകൂട്ടാൻ നാം ശ്രമിക്കണം. ഉപവാസത്താലും, പ്രാർത്ഥനകളാലും, ദാനധർമ്മങ്ങളാലും അതിനെ ശുദ്ധീകരിപ്പാൻ നാം ഉത്സാഹിക്കണം.

## ഈശോമ്ശിഹായുടെ ജീവചരിത്ര സംക്ഷേപം.

സെൻറുജോസഫ്സ് പ്രസ്സ് മാന്നാനം.

വില 10 ചക്രം.

റവ. ഫാദർ വില്യം സി. ഡി. എം. എ. എൽ ററി. അവർകൾ തമിഴിൽ നിന്നു ഭാഷാന്തരംചെയ്തു പ്രസിദ്ധീകരിച്ചിട്ടുള്ള ഈ വിശിഷ്ട കൃതി കത്തോലിക്കാ ബാലികാബാലന്മാൎക്കു വേദപുസ്തകസംബന്ധമായും നമ്മുടെ ദിവ്യരക്ഷകന്റെ ജീവചരിത്രത്തെപ്പററിയുമുള്ള ഒരു സംക്ഷേപജ്ഞാനം ലഭിക്കുന്നതിനു എത്രയും സുകരമായ ഒരു മാർഗ്ഗമാണു്. അറുപതിൽപരം മനോഹരമായ പടങ്ങളോടുകൂടിയ ഈ ചെറിയ പുസ്തകം യുവഹൃദയങ്ങളെ ഹഠാദാകർഷിക്കതന്നെ ചെയ്യും. താഴ്ന്ന ക്ലാസുകളിലേക്കു ഇതൊരു വേദപാഠപുസ്തകമാക്കിയാൽ കുട്ടികൾക്കു അത്യന്തം സന്തോഷമുണ്ടാകാതിരിക്കയില്ല.

# വേദപുസ്തകപാരായണം.

## ആകാശത്തിൽ കേൾക്കപ്പെട്ട സ്വരം.

(വെറി. റവ. ഫാദർ അലെക്ക്സാണ്ടർ സി. ഡി.)

മാനുഷാവതാരം ചെയ്ത ദൈവപുത്രന്റെ തിരുവായിൽനിന്നു പുറപ്പെട്ട തിരുവചനങ്ങളും ദിവ്യോപദേശങ്ങളും അനേകവർഷകാലത്തേക്കു നേരിട്ടുകേൾപ്പാൻ മനുഷ്യർക്കു ഭാഗ്യം സിദ്ധിച്ചു. അവയുടെ സംക്ഷേപം സുവിശേഷത്തിൽ എഴുതപ്പെട്ടിട്ടുമുണ്ട്. എന്നാൽ പരിശുദ്ധാത്രപിയായ ദൈവം ചില അവസരങ്ങളിൽ മാനുഷർക്കു കേൾക്കത്തക്ക വിധത്തിൽ ആകാശത്തിൽ ധ്വനിപ്പിച്ച സ്വരത്തെപ്പററി അഥവാ ദിവ്യ അരുളപ്പാടിനെപ്പററിയത്രെ ഇവിടെ പ്രസ്താവിപ്പാൻ ഉദ്ദേശിക്കുന്നതു്. പൂർവ്വത്തിൽ ദൈവം സീനമലയിൽ ആഘോഷപൂർവ്വം പത്തു കല്പനകളെ പ്രസിദ്ധപ്പെടുത്തിയപ്പോൾ മല അടിവാരത്തു നിന്നിരുന്ന അനേക ലക്ഷം ഇസ്രായെൽക്കാർ ആകാശത്തിൽ ധ്വനിച്ചിരുന്ന ദൈവ അരുളപ്പാടിനെ കേട്ടു വിസ്മയിച്ചു. ഈ സംഭവം പുറപ്പാടിന്റെ പുസ്തകം ൨൦-ാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതു നമുക്കു കാണാവുന്നതാണ്. എന്നാൽ പുതിയ നിയമത്തിൽ സുവിശേഷ പാനം ദൈവപുത്രൻ ഭൂമിയിൽ പ്രസംഗിച്ചുവരികയിൽ ബാവാതമ്പുരാൻ ആകാശത്തിൽ നിന്നു അരുളിച്ചെയ്ത മൂന്നു ദിവ്യ വാക്യങ്ങളെപ്പററി മാത്രം ഇവിടെ ഇപ്പോൾ അല്പം ആലോചിക്കാം.

൧. ഒന്നാംവാക്യം ഈശോമിശിഹാ യോർദനാൻ നദിയിൽ വിശുദ്ധ യോഹന്നാൻ മാംദാനായിൽ നിന്നു മാമ്മോദീസാ കൈക്കൊണ്ടു വെള്ളത്തിൽ നിന്നു കരേറിയപ്പോൾ കേൾക്കപ്പെട്ടു. സുവിശേഷത്തിൽ പറയപ്പെട്ടിരിക്കുന്നതുപോലെ ആകാശം തുറക്കപ്പെടുകയും റൂഹാദക്കുദശാതമ്പുരാൻ പ്രാവിന്റെ രൂപത്തിൽ അങ്ങേമേൽ എഴുന്നെള്ളിവരികയും, "ഇതാ എനിക്കുപ്രസാദിച്ച എന്റെ പ്രിയ പുത്രൻ ഇയ്യാളാകുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു പറയുന്ന ഒരു സ്വരം ഉണ്ടാകയും ചെയ്തു." (വി. മത്തായി. ൩. ൧൭) ഈ വാക്യത്താൽ ദൈവം തന്റെ പുത്രനെ ലോകത്തിനു പ്രഖ്യാപനം ചെയ്തു. ഈ പുത്രനെ അറിഞ്ഞു വിശ്വസിക്കുന്ന ക്രിസ്ത്യാനികളിൽ ഓരോരുത്തനും മാമ്മോദീസാ കൈക്കൊള്ളുമ്പോൾ ദൈവത്തിന്റെ ദത്തുപുത്രരും, ഈശോമിശിഹായുടെ സഹോദരങ്ങളും, ആകാശമോക്ഷത്തിന്റെ അവകാശികളും തിരുസഭയുടെ മക്കളും ആയിത്തീരുന്നുവെന്നും ഈ ദിവ്യവാക്യം നമ്മെ ഓർപ്പിക്കുന്നു.

൨. രണ്ടാംവാക്യം ഈശോമിശിഹാ താബോർമലയിൽ മറുരൂപമായപ്പോൾ കേൾക്കപ്പെട്ടു. ഇതേപ്പററി വിശുദ്ധ മത്തായിയുടെ സുവിശേഷം ൧൭-ാം അദ്ധ്യായം ൫-ാം വാക്യത്തിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു. "ഇതാ പ്രകാശമുള്ള ഒരു മേഘം അവരുടെ മേൽ നിഴലിച്ചു. അപ്പോൾ മേഘത്തിൽ നിന്നു 'ഇയാൾ എനിക്കു പ്രസാദിച്ച എന്റെ സ്നേഹപുത്രനാകുന്നു, ഇയാളെ നിങ്ങൾ കേൾപ്പിൻ' എന്നു പറയുന്ന ഒരു സ്വരം ഉണ്ടായി" (വി. മത്തായി ൧൭. ൫) സീനമലയിൽ പത്തുപ്രമാണങ്ങൾ ആഘോഷപൂർവ്വം പ്രസിദ്ധപ്പെടുത്തിയതിനെക്കാൾ ക്രുടുതലായ വിധത്തിൽ ഇവിടെ ദൈവം തന്റെ ഏക പുത്രനെത്തന്നെ നമുക്കു ഉത്തമ മാതൃകയായിത്തന്നുകൊണ്ടു് ഇയാൾ വാക്കാലും ദൃഷ്ടാന്തത്താലും നമ്മെ പഠിപ്പിക്കുന്ന സകലവും നാം അനുസരിച്ചു നടക്കണമെന്നു നമ്മോടു കല്പിക്കുന്നു. ഇതിനാൽ ക്രിസ്ത്വാനുകരണം എത്രയും സാരപ്പെട്ട

ച്ചമതലയാണെന്നു നാമെല്ലാവരും അറിഞ്ഞു പ്രവൎത്തിക്കേണ്ടിയിരിക്കുന്നു.

൩. മൂന്നാംവാക്യം, ഈശോമിശിഹാ ഓശാന ഞായറാഴ്ച വളരെ മഹിമയോടെ ഓർശ്ലേം ദേവാലയത്തിൽ പ്രവേശിച്ചശേഷം കേൾക്കപ്പെട്ടു. എങ്ങിനെയെന്നാൽ നന്മനസ്സുള്ള ചില അജ്ഞാനികൾ ശ്ലീഹന്മാരുടെ സഹായത്തോടേ നമ്മുടെ കൎത്താവിന്റെ പക്കൽ വന്നപ്പോൾ "മനുഷ്യപുത്രൻ മഹത്വപ്പെടുവാനുള്ള സമയം വന്നിരിക്കുന്നു" എന്നു താൻ അരുളിച്ചെയ്തു. അനന്തരം കോതമ്പുമണിയുടെ ഉപമ സകലരോടും താൻ പറഞ്ഞിട്ടു ആകാശത്തേക്കു നോക്കി "പിതാവേ! നിന്റെ നാമത്തെ നീ മഹത്വപ്പെടുത്തണമെ!" എന്നു ബാവായോടപേക്ഷിച്ചു. തൽക്ഷണം ആകാശത്തിൽനിന്നു "ഞാൻ മഹത്വപ്പെടുത്തി; ഇനിയും ഞാൻ മഹത്വപ്പെടുത്തും" എന്നു മറുപടിയുണ്ടായി. (വി. യോഹന്നാൻ ൧൨–൨൮) അവിടെയുണ്ടായിരുന്നവർ ഈ സ്വരം കേട്ടപ്പോൾ ഇടിമുഴങ്ങിയതാണെന്നു ചിലരും, ഒരു മാലാഖാ അങ്ങെയോടു സംസാരിച്ചതാണെന്നു മററു ചിലരും പറഞ്ഞിരുന്നു. എന്നാൽ ഈ ദിവ്യവാക്യത്തിന്റെ സാരം പിതാവിനാൽ അയയ്ക്കപ്പെട്ട ദൈവപുത്രൻ ലോകത്തിൽ വന്നു സുവിശേഷം പ്രസംഗിക്കയും വലിയ അത്ഭുതങ്ങൾ പ്രവൃത്തിക്കയും ചെയ്തുകൊണ്ടു ദൈവനാമത്തിന്നു പണ്ടേ മഹത്വം ഉണ്ടായിട്ടുണ്ടെന്നും, എന്നാൽ ഇനി അങ്ങേ തിരുമരണവും ഉയിൎപ്പും തിരുസഭയുടെ സ്ഥാപനവും അജ്ഞാനികളുടെ മാനസാന്തരവും വഴിയായി കൂടുതൽ മഹത്വമുണ്ടാകുവാനിരിക്കുന്നു എന്നു മാത്രെ. നമ്മുടെ സകല പ്രവൃത്തികളെയും "പിതാവേ! നിന്റെ നാമത്തെ നീ മഹത്വപ്പെടുത്തണമെ!" എന്നുള്ള അപേക്ഷയോടും ശുദ്ധനിയോഗത്തോടുംകൂടെ നാം ചെയ്തു നിറവേററേണ്ടതാണു്.

# പാപത്തെ ഭയപ്പെടുക.

(പ്രാസംഗികൻ)

അണലിപ്പാമ്പിനെ കൈകൊണ്ടു പിടിക്കുവാനിടയായാൽ ആർ അതിനെ ഉടനെ തട്ടിക്കളയാതിരിക്കും? സാംക്രമികരോഗങ്ങളെ സ്വശരീരത്തിൽ ആർ സംരക്ഷിച്ചുവളൎത്തും? പ്രാണശത്രുവിനെ സ്വഗൃഹത്തിൽ ആർ താമസിപ്പിക്കും? ചീഞ്ഞു പുഴുത്ത മൃതശരീരം ആർ സ്വഭവനത്തിൽ സൂക്ഷിക്കും? ആർ പിശാചിനെ സ്വഹൃദയത്തിൽ വസിപ്പിക്കും? ഘനകല്മഷം വിഷസൎപ്പമാണു്. ആകയാൽ സൎവ്വ ശക്തിയോടുംകൂടി അതിനെ ഉടനെ‌തന്നെ നീക്കിക്കളയേണ്ടിയിരിക്കുന്നു:—"ഞാൻ വൃദ്ധനാകുമ്പോൾ ശരിയായി ജീവിച്ചുകൊള്ളാം എന്നു നീ കരുതരുതു!...... നീ എന്നു മരിക്കുമെന്നു നിനക്കറിഞ്ഞുകൂടാ. സ്വന്തമരണദിവസം മുൻകൂട്ടി അറിഞ്ഞവർ ആരുണ്ടു്? എല്ലാവരും വൃദ്ധന്മാരായിട്ടല്ല മരിക്കുന്നതു്; പക്ഷേ പ്രായത്തിലാണു്. ഏതെല്ലാം പാപങ്ങളോടുകൂടി മരിക്കുമോ അതിന്റെയെല്ലാംകണക്കുകൊടുക്കേണ്ടിവരും. ആകയാൽ മനസ്സുതിരിയുന്നതിനു താമസിക്കേണ്ട... നിന്റെ അവസാനങ്ങൾ കൺമുമ്പിൽ സദാ ഉണ്ടായിരിക്കട്ടെ" എന്നു് വി. ബസീൽ അദ്ധ്യാത്മപുത്രനോടുപദേശിക്കുന്നു (S. Basil. admonit. ad filium Spiritualem).

പ്രസ്തുത വിഷയത്തെപ്പററി വിശുദ്ധ അഗുസ്തീനോസ് (homil 13. inter 50, tom. X.) താഴെക്കാ

ണംപ്രകാരം പറഞ്ഞിരിക്കുന്നു:– "നീ എന്നു മനസ്സു തിരിയുമോ അന്നു് നിന്റെ പാപം ക്ഷമിക്കപ്പെടുമെന്നു ദൈവം നിന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ടു്. എന്നാൽ നാളെ നീ ജീവനോടുകൂടിയിരിക്കുമെന്നു് ഒരിക്കലും പറഞ്ഞൊത്തിട്ടില്ല...എന്നു മരിക്കുമെന്നു മനുഷ്യൻ അറിയാത്തതു ദൈവാനുഗ്രഹം തന്നെ. എല്ലാനാളും ശരിയായിജീവിപ്പാൻവേണ്ടി അവസാന നാൾ മറയ്ക്കപ്പെട്ടിരിക്കുന്നു."

വീണ്ടും അദ്ദേഹം തന്നെ (Serm 202 De Temp.) പറയുന്നു: ഹെ! മനുഷ്യാ! എന്തുകൊണ്ടു് നാളെ, നാളെ എന്നു വെക്കുന്നു? പക്ഷേ ഇന്നു് അവസാനദിവസമായിരിക്കാം."

വി. ക്രിസോസ്തോമോസ് ഈ സംഗതി ബന്ധിച്ചു് ചെയ്യുന്ന യുക്തിവാദം ശ്രദ്ധേയമാണു്. അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാലും: "പലർ ഇതരന്മാർക്കു് വഞ്ചനകൊണ്ടു നാശംഭവിപ്പിക്കയിൽ പൊട്ടുന്നനവേ മരിച്ചു തക്ക ശിക്ഷ അനുഭവിക്കുവാൻ പോയി. നീക്കുവാൻ വഹിയാത്ത ഈ നാശംനീയും അനുഭവിക്കാനിടയാകുമോ എന്നു ഭയപ്പെടുക. വാദ്ധക്യത്തിൽ പശ്ചാത്തപിക്കുവാൻ ദൈവം പലർക്കും ഇടയാക്കിഎന്നു് ഒരുപക്ഷേ നീ പറയുമായിരിക്കും. അതുകൊണ്ടെന്തു്? നിനക്കും ഇടയാകുമോ? പക്ഷേ ഇടയാകും എന്നു നീ പറയുന്നോ? എന്തുകൊണ്ടു് 'പക്ഷേ' എന്നുപറയുന്നു? ഇതു ചിലപ്പോൾമാത്രമല്ലേ? നിന്റെ ആത്മരക്ഷയേപ്പറ്റിയാണു് പറയുന്നതെന്നു് നീ വിചാരിക്കണം. അതിന്റെ എതിർഭാഗവും നീ ആലോചിക്കുക. ആ അനുഗ്രഹം തന്നില്ലെങ്കിൽ എന്തുസംഭവിക്കുമെന്നു പറയു. കൊള്ളാം. അതു തന്നാൽ എന്തു്? എന്നു നീ ചോദിക്കുന്നു. തരുന്നു എന്നിരിക്കട്ടെ: എന്നാൽ ഇതു് അതിനേക്കാൾനിശ്ചയവും ഉപകാരമുള്ളതുമാണു്. (homil. 22 in. Epist. II ad Corinth. "നാളെ, നാളെ എന്നുള്ള സംഗതി പലരേയും കൊല്ലുന്നു; പെട്ടെന്നു വാതിൽ അടയ്ക്കപ്പെടുകയും ചെയ്യുന്നു" എന്നു ഈ വിശുദ്ധൻ തന്നെ (Serm. 17. De Verbis Domini) വീണ്ടും പറഞ്ഞിരിക്കുന്നു.

---

# കൈതൊഴാം മാതാവെ!

(ശ്രീമാൻ കെ. ടി. ലോനപ്പൻ.)

"മഞ്ജരി"

I.

കൈതൊഴാം മാതാവെ! കൈതൊഴാം മാതാവെ!
കൈതൊഴാം നാഥെ! മൂലോകരാജ്ഞി!
കൈതവഹാരിയെ–ദൈവൈകസൂനുവാം
പൈതലിനെ–പ്രസവിച്ച നാരി!
കൈവല്യാവകാശം തായെയെനിക്കു നീ
കൈവരുത്തീടണം കൈതൊഴാംതെ!
ഈശകുമാരനെപ്പോറ്റി രക്ഷിക്കുവാ–
നാശാപൂർവ്വമേറെ ജോലി ചെയ്തു
പാരം തഴമ്പിച്ച നിൻകരതാരെന്റെ
നേരേ നീ നീട്ടുക; സംസാരമാം
വാരിധിക്കുള്ളിൽക്കുടുങ്ങിവഴിതെറ്റി–
യാരും സഹായത്തിന്നില്ലാതിപ്പോൾ
ജീവിക്കുമെന്നെയും രക്ഷിക്കുക; നിത്യ
ജീവന്റെ പന്ഥാവിലാക്കീടുക!

II.

ദൈവമാതാവെ! മറിയമെ! കൈതൊഴാം
കൈതൊഴാം മാമുനിജായെ! തായെ!
യേശുമിശിഹാതൻ പൂമൈ മറയ്ക്കുവാ–
നാശയാവസ്ത്രങ്ങൾ നെയ്തീടുവാൻ
നൂലുനൂറ്റന്നു തളർന്നനിൻ പാടല
പേലവമായകരാംഗുലികൾ
ഒന്നിളക്കീടുക; യെന്റെ ഹൃദയത്തെ–
യൊന്നാകെ ചുറ്റിപ്പിണഞ്ഞിരിക്കും

ദുർമ്മോഹമാകുന്ന നൂൽചുററഴിച്ചുകൊ-
ണ്ടെന്നെയും നിൻ പൈതലെന്നോർത്തിപ്പോൾ
രക്ഷിക്കുകമ്മെ! ഭൂരക്ഷകൻതന്നുടെ
രക്ഷയ്ക്കു കാലംബമായകന്യേ!

III.

(താവെ!

കൈതൊഴാം മാതാവെ! കൈതൊഴാം മാ
കൈവല്യ ദായികെ! കൈതൊഴാം തെ
കമ്പും മുരട്ടും വളവുമുള്ളമര-
ക്കൊമ്പുകൾ ചെത്തിശ്ശരിപ്പെടുത്തി
തച്ചനാം നിൻപതി, പുത്രനിവർ നിൻെറ-
യിച്ഛപോലോരോരോ വസ്തുക്കളെ
തീർത്തിരുന്നല്ലൊ നസറെത്തിൽ വെച്ചന്നു
പേർത്തു,മവരോടുതന്നെയിപ്പോൾ
ദുഷ്കർമ്മം കൊണ്ടെൻെറ ഹൃത്തിനുളവായ
വക്രത, കമ്പ്, മുരടിതുകൾ
ചെത്തിക്കുറച്ചു ശരിപ്പെടുത്തീടുവാ-
നർത്ഥിക്കുകമ്മെ നീ പേർത്തും പേർത്തും!

IV.

കൈതൊഴാം മാതാവെ! കൈവല്യ നായികെ
കൈതൊഴാം പാപികൾക്കാശ്രയമേ!
കാനായിൽ വെച്ചന്നു കല്യാണക്കാരൻെറ
ദീനതകണ്ടു മനസ്സലിഞ്ഞു
നിൻതിരുപ്പുത്രനെക്കൊണ്ടുപച്ചവെള്ളം
മുന്തിരിച്ചാറാക്കിമാററിച്ചല്ലൊ.
നാഥെ! യെൻചിത്തത്തെ ലോകമാം ദുർഭ്രതം
മോദേന ഞെക്കിപ്പിഴിഞ്ഞതിലെ
ജീവരക്തമവസാനത്തുള്ളിയോളം
പാനം ചെയ്തേററവുമാർത്തീടുന്നു,
ശേഷിപ്പു നീർമാത്രം; ആയതുകൊണ്ടേറെ
ശോഷിച്ചെൻ ഹൃത്തു വിളർത്തിരിപ്പു
ആ നീരിനെ ജീവരക്ത സംവൎദ്ധക
'വീഞ്ഞ്'ാക്കിത്തീർപ്പിച്ചുരക്ഷിക്കമ്മെ!

# സത്യാഗ്രഹത്തിൻെറ പോക്ക്.

(ക. നി. മൃ. സ. ബ. പീയൂസച്ചൻ.)

രണ്ടാം ശതാബ്ദത്തിൻെറ ആദിമഘട്ടത്തിൽ പലസ്തീനായിലെ പുരാതന പട്ടണമായ 'സിക്കെമി'ൽ (Sichem) അജ്ഞാന മാതാപിതാക്കളിൽ നിന്നു യുസ്തീനോസ് എന്നൊരു ശിശു ജാതനായി. മാതാപിതാക്കളെ അനുകരിച്ചു ശിശു അജ്ഞാനവേദം തന്നെ അനുഷ്ഠിച്ചുപോന്നു. യൗവനദശയിലെത്തിയതിനോടെ യുസ്തീനോസ് തത്വശാസ്ത്ര പാഠനം ആരംഭിച്ചു. അക്കാലത്തു ജ്ഞാനസമ്പാദനത്തിനുള്ള മാൎഗ്ഗം തത്വശാസ്ത്രപാഠനമായിട്ടാണ് പൊതുവെ ഗണിച്ചുപോന്നിട്ടുള്ളത്. മനുഷ്യബുദ്ധിയ്ക്കു അധീനങ്ങളായ സാധാരണ സത്യങ്ങളെല്ലാം പഠിച്ചശേഷം, പരമസത്യമായ സ്വയം ഭൂവിനെക്കുറിച്ചു അറികയും പരമനന്മയായ അങ്ങേ പ്രാപിക്കുന്നതിനുള്ള മാൎഗ്ഗം കണ്ടുപിടിക്കുകയും ചെയ്കയെന്നുള്ളതാണ് തത്വശാസ്ത്ര പാഠനത്തിൻെറ ഫലമായി അവർ വിവക്ഷിയ്ക്കുന്നത്. ഈ മുറയനുസരിച്ചു നമ്മുടെ യുവാവ് ആദ്യം സ്റ്റോയിക്കു (Stoic) താത്വികനു അധീനപ്പെട്ടു. കുറെ നാളത്തെ സ്വാനുഭവംകൊണ്ട് അദ്ധ്യാപകൻ ജഗന്നിയന്താവിനെക്കുറിച്ചു തീരെ അജ്ഞനെന്നും, വിശിഷ്യ ഏതാദൃശ ജ്ഞാനം അവഗണനീയമായി കരുതുന്നവെന്നും യുസ്തീൻ ഗ്രഹിച്ചു. തൻെറ ഉദ്ദേശസാഫല്യം ഉണ്ടാകാതെ പോകുമെന്നു ഭയന്നു വേഗം 'പെരിപ്പത്തെററിക്കു' (Peripathetic) താത്വികനായ ഒരു മുനീന്ദ്രനെ അദ്ധ്യാപകനായി വരിച്ചു. പ്രസ്തുതയോഗിവൎയ്യനാകട്ടെ തത്വജ്ഞാനബീജാവാപം ഒരു നല്ല ധനാഗമ മാൎഗ്ഗമായി കരുതിപ്പോന്ന ഒരാളായിരുന്നു. ഇതു് യുവാവിൻെറ ദൃഷ്ടിപഥത്തിൽ എത്തുപെടാതിരുന്നില്ല. നീചമനസ്ഥിതിയോടുകൂടിയ ഒരാളിൽ നിന്നു ഗുണം വരില്ലെന്നു കരുതി അവിളംബം 'പിത്താഗോറസി'ൻെറ ശിഷ്യരിൽപ്രമു

ഖനായ ഒരാൾക്കു നമ്മുടെ യുവാവു വിധേയനായി. ഇദ്ദേഹത്തിൽനിന്നു ജ്യോതിഷം, ഗാനം, ക്ഷേത്രഗണിതം ആദിയായ ശാസ്ത്രങ്ങളെ പഠിച്ചു. പരമനന്മയെക്കൂടുതലായി അറിയുന്നതിനു പ്രസ്തുതശാസ്ത്രങ്ങൾ തീരെ അകന്ന മാർഗ്ഗങ്ങൾ മാത്രമെ ആകുന്നുള്ളുവെന്നു കണ്ടു ആഗ്രഹനിവൃത്തിക്കായി വീണ്ടും നവീനപദ്ധതികൾ അന്വേഷിച്ചുതുടങ്ങി. 'നെയിപ്പിൾസ്' പട്ടണത്തിൽ നിവസിച്ചിരുന്ന പ്ലാറേറായുടെ ശിഷ്യരിൽ ഒരാളെ ആശ്രയിച്ചു. ഈ നവപണ്ഡിതന്റെ അദ്ധ്യാപനത്തിൽ യുവാവ് അസാമാന്യമായ തൃപ്തി കണ്ടെത്തി. മാത്രമല്ല ഇഛാനുസരണമുള്ള വിജ്ഞാനലബ്ധി ഒരു വിധത്തിൽ അടങ്ങിക്കഴിഞ്ഞു എന്നുകൂടി അയാൾ വിചാരിച്ചുപോയി. അദൃശ്യപദാർത്ഥങ്ങളുടെ അറിവു ഭൗമികവസ്തുക്കളിൽ നിന്നു ഹൃദയത്തെ ആകപ്പാടെ ഉയർത്തിയെന്നുള്ള വിചാരവും യുവാവിൽ കടന്നുകൂടി. പ്ലാറേറായുടെ ആശയങ്ങളെ ഗാഢമായി ചിന്തിക്കുന്തോറും വിജ്ഞാനമണ്ഡലത്തിലൂടെ പക്ഷിവേഗത്തിൽ മനസ്സ് ഗമനം ചെയ്യുന്നതായി ഒരു വികാരം ഹൃദയാന്തർഭാഗത്തു കുടികൊണ്ടുതുടങ്ങി. അല്പസമയത്തിനുള്ളിൽ ഇത്രയധികം സുജ്ഞാനം സമ്പാദിച്ചുവല്ലോയെന്നു ഓർത്തു അയാളുടെ ഹൃദയം അഹങ്കാരത്താൽ തുടിച്ചു ദൈവത്തെ തന്നെ അടുത്ത ക്ഷണത്തിൽ ദർശിക്കാമെന്നു കരുതി ഒരു തരത്തിൽ മായാസാഗരത്തിൽ നിമഗ്നനായി എന്നല്ലേ പറയേണ്ടു.

ഏതാദൃശമായ മനസ്ഥിതിയോടെ ഗഹനങ്ങളായ ചിന്താപരമ്പരകൾക്കു അധികസമയം വ്യയം ചെയ്യണമെന്നുള്ള ബലമായ നിശ്ചയത്തോടുകൂടി പലപ്പോഴും വിജനസ്ഥലങ്ങളിലേയ്ക്കു പൊയ്ക്കൊണ്ടിരുന്നു. ഒരു ദിവസം കടലോരം ലാക്കാക്കി പുറപ്പെട്ടു. മനോഹരമായ ഒരു ദ്വീപം തന്റെ നേത്രങ്ങൾക്കു വിഷയീഭവിച്ചു. അവിടെ മനുഷ്യരാരുമുണ്ടാകയില്ലെന്നും തദ്വാരാ ഏകാന്തവാസം പൂർണ്ണതയോടുകൂടെ ആസ്വദിക്കാമെന്നുമുള്ള പ്രതീക്ഷയോടെ അടുത്തു ചെന്നപ്പോൾ ഹാ! വിസ്മയം! വന്ദ്യനായ ഒരു വൃദ്ധൻ തന്റെ പിറകിൽ നിൽക്കുന്നതായി കാണപ്പെട്ടു. യുസ്റ്റീനോസ് പെട്ടെന്നു അമ്പരന്നുപോയി.

വിസ്മയവിഭ്രാന്തനായിത്തീർന്ന യുവാവിന്റെ നേർക്കുതിരിഞ്ഞു വൃദ്ധൻ സംഭാഷണമാരംഭിച്ചു —

നീങ്ങൾ എന്നെ അറിയുമോ?

യുവാവ് — അറികയില്ല.

വൃദ്ധൻ — വിസ്മയപൂർവ്വം എന്നെ നോക്കുന്നതിന്റെ കാരണമെന്തു്?

യുവാവ് — ഏകാന്തവാസമനുഭവിക്കാമെന്നുള്ള ശരണത്തോടെ ഈ വിജനസ്ഥലത്തു വന്നപ്പോൾ അങ്ങേ കണ്ടതു തന്നെ എന്റെ വിസ്മയത്തിന്റെ കാരണം.

വൃദ്ധൻ — എന്റെ സ്നേഹിതന്മാരിൽ പലരും യാത്രയിലാണ്. അനേകനാളായി അവരെ കാണാതിരിക്കുന്നതുകൊണ്ടു എന്റെ മനസ്സിനു തീരെ സുഖമില്ല. അവരുടെ വർത്തമാനങ്ങൾ വല്ലതും കേൾക്കാമെന്നു കരുതി ഇങ്ങനെ ചുററി തിരികയാണ്. എന്നാൽ കുഞ്ഞിന്റെ മുഖത്തു നോക്കീട്ടു ഒരു സുഖമില്ലാത്ത ലക്ഷണമാണല്ലോ കാണുന്നതു്. വിശ്രമത്തിനായി വിജനസ്ഥലം അന്വേഷിക്കുന്നെങ്കിൽ മനുഷ്യസഹവാസം പരിവർജ്ജിക്കുന്നതിനു എന്തോ രഹസ്യകാരണമുണ്ടായിരിക്കണമല്ലോ.

യുവാവ് — തത്വജ്ഞാനധ്യാനത്തിനു പററിയ സ്ഥലമിതെന്നു വിചാരിച്ചു ഇങ്ങോട്ടു പുറപ്പെട്ടിട്ടുള്ളതാണ്. സുജ്ഞാനത്തെ സ്നേഹിക്കുന്നതും, സത്യത്തെ ആരായുന്നതുമായ പ്രവൃത്തിയേക്കാളും ശ്രേഷ്ഠതരമായി മനുഷ്യന്റെ ഐഹികവാസത്തിൽ ഒന്നുംതന്നെയില്ലായെന്നുള്ള കാരണമാണ് എന്നെ ഇതിലേക്കു പ്രേരിപ്പിച്ചതു്.

വൃദ്ധൻ — സംശയമില്ല. മനുഷ്യനു അനുയോജ്യമായിട്ടുള്ള ഒന്നാണ് ഈ ചിന്ത. എന്നാൽ ഇവിടെയും തന്നെത്താനോ മററുള്ളവർ മുഖാന്തിരമൊ വഞ്ചിതനാകുവാൻ പാടുണ്ടെന്നുള്ളതു് വിദിതമാണ്. എന്തെന്നാൽ യഥാർത്ഥജ്ഞാനസമ്പാദനത്തിനും, സത്യത്തിനു പകരം അസത്യത്തെ തെററിധരിക്കാതിരിക്കുന്നതിനും, മായാമോഹം സുജ്ഞാ

നപ്രകടനങ്ങളായി സ്വീകരിക്കാതിരിക്കുന്നതിനും തഴക്കവും പഴക്കവുമുള്ള ഒരാളുടെ സഹായം ഒഴിച്ചുകൂടാത്തതാണ്.

യുവാവ്— അയ്യോ! എനിക്കു നായകന്മാർ ഇല്ലാതില്ല. 'പിത്താഗൊരസ്,' 'പ്ലാറ്റൊ,' 'അരിസ്റ്റോട്ടൽ' ആദിയായവരാണ് എന്റെ അദ്ധ്യാപകന്മാർ. ഈ പണ്ഡിതശിരോമണികളെക്കുറിച്ചു വല്ലവരും ദുരഭിപ്രായം പറയുമോ? അവരെ പിഞ്ചെല്ലുന്നതിൽ എന്തു അബദ്ധ്യമാണുള്ളതു്?

വൃദ്ധൻ— ശരി. അവർ അസാമാന്യ പണ്ഡിതശ്രേഷ്ഠന്മാർ തന്നെ. എന്നാൽ അവരുടെ പ്രബോധനങ്ങൾ ഹൃദയവാഞ്ഛകൾക്കു പൂർണ്ണതൃപ്തി നൽകുന്നില്ല. ആ വകയെല്ലാം ഗ്രഹിച്ചിട്ടും ഇനിയും നിങ്ങളുടെ ഹൃദയം നിറയാതെയല്ലയൊ ഇരിക്കുന്നതു്? ഒരു അനന്തസാഗരത്തിന്റെ മുൻപാകെ നിങ്ങളെ കൊണ്ടുചെന്നു നിറുത്തിയിരിക്കുന്നു. എന്നാൽ അതിന്റെ അഗാധം എത്രമാത്രമുണ്ടെന്നു കുഞ്ഞിനെ ഗ്രഹിപ്പിക്കുന്നതിനു അവർ ശക്തരല്ല.

യുവാവ്— അങ്ങിനെയെങ്കിൽ എന്റെ ഹൃദയകാംക്ഷകളെ തൃപ്തിപ്പെടുത്താത്തക്കവർ എവിടെയുണ്ടെന്നു ദയവായി പറയുമോ. സത്യം എവിടെയുണ്ടോ അവിടെപ്പോയി അതിനെ കണ്ടുപിടിക്കുന്നതിനു എനിക്കു ആഗ്രഹമുണ്ടു്.

വൃദ്ധൻ— കുഞ്ഞു തത്വശാസ്ത്രികളെന്നു അഭിമാനിക്കുന്ന ആളുകൾക്കു വളരെക്കാലം മുൻപു തന്നെ സൽഗുണരും, നീതിമാന്മാരും, പരിശുദ്ധരും, ദൈവേഷ്ടരുമായ അനേക മഹത്തുക്കളുണ്ടായിരുന്നു. ഇന്നു ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സംഗതികളെക്കുറിച്ചു ദൈവനിവേശനത്താൽ അവർ മുൻകൂട്ടി പ്രവചിട്ടുണ്ടു്. ദീർഘദർശികളെന്ന നാമത്താൽ അവർ ഇന്നു അറിയപ്പെട്ടുപോരുന്നു. അവർമാത്രം സത്യം ഗ്രഹിച്ചു. സമ്മാനദാനമോ, ശിക്ഷാഭയമോ, സ്വാഭിമാനമോ, ബഹുമതിപ്രിയമോകൂടാതെ മനുഷ്യർക്കു സത്യം അറിയിച്ചിട്ടുള്ളവർ അവർമാത്രമാണ്. അവരിൽ സംസാരിച്ചിരുന്ന വിശുദ്ധാത്മാവിവഴിയായി അവർ കണ്ടതും കേട്ടതും പ്രസിദ്ധം ചെയ്തതു് അവർ തന്നെയാണ്. അവരുടെ ലിഖിതങ്ങൾ ഇന്നുമുണ്ടു്. വിശ്വാസദീപത്തിനടുത്തു അവയെ വിടുർത്തി വായിക്കുമ്പോൾ യഥാർത്ഥതാത്വികന്നു ഭക്ഷണമാകേണ്ട നവനവങ്ങളായ അനേക നിത്യസത്യങ്ങൾ നിങ്ങളുടെ മനസ്സിലുദിക്കാതിരിക്കയില്ല. അവർ ഉപദേശം ചെയ്യുന്ന സത്യങ്ങളുടെ സ്ഥിരീകരണത്തിനു തെളിവുകളൊന്നും ആവശ്യമില്ല. അവരുടെ സാക്ഷ്യങ്ങൾ തന്നെ സകല തെളിവുകളേയും അതിക്രമിക്കുന്നു. അവരുടെ പ്രവചനങ്ങൾ സംഭവിച്ചതോ സംഭവിച്ചുകൊണ്ടിരിക്കുന്നതോ ഏതായാലും ശരി, നമ്മിൽ നിന്നു പൂർണ്ണവിശ്വാസം ആവശ്യപ്പെടുന്നു. അവർ ദൈവത്തെ അറിയിച്ചിരുന്ന കാലത്തു് അത്ഭുതങ്ങളെ പ്രവർത്തിച്ചിട്ടുണ്ടു്. അവരെ ജയിക്കുന്നതിനു പൈശാചികതന്ത്രങ്ങൾക്കു സാധിച്ചിട്ടില്ല. അകയാൽ കുഞ്ഞുസഹോദരാ, അന്ധതമാറി, സത്യം ദർശിക്കുന്നതിനു വേണ്ടി ദൈവവരം പ്രാർത്ഥിക്കുക. എന്തുകൊണ്ടെന്നാൽ ദൈവം ബുദ്ധിയെ പ്രകാശിപ്പിക്കുന്നില്ലെങ്കിൽ ഏതാദൃശ സംഗതികളെ ഗ്രഹിക്കുന്നതിനു ആർക്കും സാധിക്കുന്നതല്ല.

കടശി, സത്യജ്ഞാനസമ്പാദനമാർഗ്ഗങ്ങളായി ജപവും ധ്യാനവും പ്രത്യേകിച്ചു അനുഷ്ഠിക്കേണ്ടതായി ഉപദേശിച്ചശേഷം വൃദ്ധൻ യാത്രപറഞ്ഞു പിരിഞ്ഞു. വൃദ്ധോക്തികൾ യുവാവിന്റെ ഹൃദയത്തിൽ ആഴമായി തന്നെ വേരൂന്നി. ദീർഘദർശികളുടെയും മററു വേദലിഖിതാക്കളുടെയും ഗ്രന്ഥങ്ങളെ പാരായണം ചെയ്യണമെന്നുള്ള അതീവ വാഞ്ഛയാൽ ആ യുവഹൃദയം പൂരിതമായി കഴിഞ്ഞു. യഥാർത്ഥ തത്വജ്ഞാനം അതിൽ മാത്രമെ കാണുകയുള്ളുവെന്നു വേഗത്തിൽ ബോദ്ധ്യമായി. വേദഗ്രന്ഥങ്ങളെ ഉരുവിട്ടു തുടങ്ങി. ഗണ്യമായ വ്യത്യാസം ഉണ്ടാകാതിരുന്നില്ല. അജ്ഞാനിയായിരുന്ന യുസ്റ്റീനോസ് ക്രിസ്തീയ മതമവലംബിച്ചു. മാത്രമല്ല ക്രിസ്തീയ മതപഠനങ്ങളുടെ യുക്തിയുക്തതയേയും അതിന്റെ ശ്രേ

ഷ്ഠതയേയും കുറിച്ച് അദ്ദേഹം ചുററിനടന്നു പ്രസംഗം ചെയ്തു ഭൂസ്വത്തെല്ലാം വിററു സാധുക്കൾക്കു വിഭജിച്ചുകൊടുത്തുകൊണ്ടു് അവിവാഹിതനായി മ്ശിഹായെ അനുകരിച്ചു. വിശിഷ്യ സ്നേഹിതനുവേണ്ടി സ്വായുസ്സിനെ ബലി കഴിക്കുന്നതിനേക്കാൾ ശ്രേഷ്ഠതമമായി വേറൊന്നില്ലായെന്നുള്ള ക്രീസ്തുനാഥന്റെ ഉപദേശമനുസ്സരിച്ചു വേദത്തെ പ്രതി പ്രാണൻവെടിഞ്ഞു രക്തസാക്ഷികളുടെ മുടി ചൂടുകയും ചെയ്തുവെന്നതു് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. കണ്ടാലും! സത്യാഗ്രഹത്തിന്റെ പോക്കു!!!

# അക്ഷരാഭ്യാസമില്ലാത്ത മഹതി.

(റവ. സക്കറിയാസ് പൂവത്തുങ്കൽ.)

മഹാത്മാക്കളുടെ മാതാക്കളാകുന്നതിനു് ഭാഗ്യം സിദ്ധിച്ചിട്ടുള്ള സൌഭാഗ്യവതികൾ സാക്ഷാൽ മഹതികളുമായിരുന്നു. മഹാത്മാക്കളുടെ ഗണത്തിൽ മുന്നണിയിൽ നിൽക്കുന്ന പുണ്യവാന്മാരുടെ മാതാക്കളെ സംബന്ധിച്ചിടത്തോളം ഇതുകുറെക്കൂടി വാസ്തവമാണു്. മഹാനായ വി. അഗസ്തീനോസിന്റെ മാതാവായ വി. മോനിക്കായും, വി. ലൂയിസ് രാജാവിന്റെ മാതാവായ ബ്ലാങ്കേ റാണിയും, സത്യത്തിനുവേണ്ടി മരണം വരിപ്പാൻ മക്കളെ പ്രേരിപ്പിച്ച മക്ക്ബായക്കാരുടെ മാതാവും, ലോകപ്രസിദ്ധകളാണല്ലൊ. എന്നാൽ ഗുണഗണങ്ങൾകൊണ്ടു് ഈ തരുണീമണികളോടു് അടുത്തു നിൽക്കുന്നതിനു് യോഗ്യതയുള്ള ഒരു വീരമാതാവാണു് സലേസ്യൻ സഭാസ്ഥാപകനും സുപ്രസിദ്ധനുമായ വാഴ്ത്തപ്പെട്ട ഡോൺബോസ്കോയുടെ അമ്മയായ മാർഗ്രററ് ഒഷ്യാനോ. ഇവൾക്കു് അക്ഷരാഭ്യാസമില്ലായിരുന്നു എന്നൊരു വിശേഷവുമുണ്ടു്. ഈ പോരായ്മ ആ ധന്യയിൽ വിളങ്ങിയിരുന്ന നാനാഗുണങ്ങളുടെ സമ്മേളനത്തിൽ ചന്ദ്രനിൽ കളങ്കമെന്നപോലെ മറയുകയോ, അവരുടെ ഗുണപൌഷ്കല്യത്തെ ഉപരി പ്രശംസാർഹമാക്കിത്തീർക്കയോ ചെയ്യുന്നു.

മാർഗ്രററു ഒഷ്യാനോ ഇററലിയിൽ പീഡ്മോണ്ടിലുള്ള ഒരു കൃഷീവലന്റെ പുത്രിയായി ൧൭൮൮-ൽ ജനിച്ചു. ചെറുപ്പത്തിൽ തന്നെ അവൾ വിവാഹിതയായി. സ്വഭർത്താവായിരുന്ന ഫ്റാൻസീസു ബോസ്കോയുടെ അകാലനിര്യാണത്താൽ താരുണ്യത്തിൽ തന്നെ ആ തരുണീമണി വൈധവ്യ ദുഃഖം അനുഭവിക്കേണ്ടിവന്നു. അന്നു പത്തൊൻപതു വയസ്സുമാത്രം പ്രായമായിരുന്ന അവൾ മൂന്നു മക്കളുടെ മാതാവായിരുന്നു. ഇളയ കുട്ടിയായ ജോൺ ആണു് പിൽക്കാലത്തു ഡോൺബോസ്കോ എന്ന പേരിൽ ലോകപ്രസിദ്ധനായതു്. മർഗ്ഗരീത്തായുടെ ധനസ്ഥിതിയും വളരെ മോശമായിരുന്നതിനാൽ അവൾ വല്ലാതെ കുഴങ്ങി. അവൾക്കു അക്ഷര വിദ്യ അറിഞ്ഞുകൂടായിരുന്നു. കാരണം തന്റെ ബാല്യത്തിൽ ഫ്രഞ്ചുവിപ്ലവം നിമിത്തം സ്വദേശത്തുള്ള പള്ളിക്കൂടങ്ങളെല്ലാം നിറുത്തലായി പോയതാണു്. അന്നു പീഡ്മോൺഡ് ഫ്രഞ്ചു അധീനത്തിലായിരുന്നു. എന്നാൽ അവൾക്കു ജ്ഞാനത്തേപ്പററി നല്ല മതിപ്പുണ്ടായിരുന്നു. ആ സ്ത്രീയുടെ ജന്മസിദ്ധമായ വിവേകവും സുകൃതമായ ഭക്തിവിശ്വാസവും ജീവകാരുണ്യവും അക്ഷരവിദ്യയുടെ അഭാവത്തേ പരിഹരിച്ചു. ഒരു ക്രിസ്തീയ മാതാവിനു വേണ്ട ഗുണഗണങ്ങൾ അവളിൽ തികഞ്ഞിരുന്നു. തന്നിമിത്തമത്രേ സ്വജീവകാലത്തു തന്നെ അക്ഷരാഭ്യാസമില്ലാത്ത മഹതി എന്ന

കീർത്തി വിശേഷത്തിനു അവൾ പാത്രമായത്.

സ്വന്തകുട്ടികളെ നന്നായി വളർത്തുന്ന കാര്യത്തിൽ മർഗ്ഗരീത്തായുടെ ശ്രദ്ധമുഴുവൻ പതിഞ്ഞു. കുട്ടികളേ ഉചിതംപോലെ ലാളിക്കാനും ശാസിക്കാനും അവൾക്കറിയാമായിരുന്നു. മടിയായിരിപ്പാൻ ഒരിക്കലും അവൾ അവരെ അനുവദിച്ചില്ല. ആ കുട്ടികൾക്കു തിന്നുന്നതിനു ഉണക്ക അപ്പവും ഉറക്കത്തിനു വെറും തറയും മാത്രമെ ഉണ്ടായിരുന്നൊള്ളു. സാധാരണ ജീവിതത്തിലെ നിത്യ സംഭവങ്ങളിൽ നിന്നു ശ്രേഷ്ഠങ്ങളായ സന്മാർഗ്ഗപാഠങ്ങൾ കുഞ്ഞുങ്ങൾക്കു പറഞ്ഞുകൊടുക്കുന്നതിനു വേണ്ട ഔചിത്യവും പിടിപ്പും ആ കുഞ്ഞമ്മയ്ക്കുണ്ടായിരുന്നു. സുകൃതങ്ങളെപ്പറ്റി നീട്ടിപ്പിടിച്ചു പ്രസംഗിച്ചു അവൾ കുട്ടികളെ മുഷിപ്പിച്ചില്ല. ഒരു ഉദാഹരണം പറയാം. ഇളയ കുട്ടിയായ ജോൺ ഒരു ചെറുപക്ഷിയെ വലിയ കാര്യമായി വളർത്തിയിരുന്നു. ഒരു ദിവസം അവൻ അതിനു ഒരു ചെറിയ പഴം കൊടുത്തു. അതു ആർത്തിയോടെ വിഴുങ്ങിയശേഷം പക്ഷി പഴം കിട്ടാൻ വീണ്ടും വാപൊളിച്ചു. 'നീ കൊതി തീരെ തിന്നുക' എന്നു പറഞ്ഞ് ജോൺ ഒരു കൊട്ട പഴം അതിൻെറ മുമ്പിൽവച്ചുകൊടുത്തു. പക്ഷി അത്യാർത്തിയോടെ ഒട്ടേറെ പഴങ്ങൾ തിന്നതിനാൽ ശ്വാസംമുട്ടി ചത്തുപോയി. ജോൺ അതിനെ എടുത്തുകൊണ്ട് ഓടി അമ്മയുടെ അരികെ ചെന്നു് കഥയെല്ലാം പറഞ്ഞു കരഞ്ഞുതുടങ്ങി. ഉടനെ മർഗ്ഗരീത്താ പറഞ്ഞതു് ഇപ്രകാരമാണ്. "കുഞ്ഞേ! ഇതാണ് കൊതിയന്മാരുടെ അവസാനം. മിതമററ തീനും കുടിയും അകാല മരണത്തിൻെറ ഒരു കാരണമാണ്."

വേറൊരവസരത്തിൽ മക്കളെ സന്മാർഗ്ഗപാഠം പഠിപ്പിക്കുന്നതിന് അവൾ ഒരു പട്ടിയേ വിഷയമാക്കി. അവർക്കു ഒരു പട്ടിയുണ്ടായിരുന്നു. മാർഗ്ഗററ് അതിനെ സ്വന്ത പിതാവിൻെറ ഗൃഹത്തിൽ കൊടുത്തുവിട്ടു. എന്നാൽ ആ പട്ടി പലപ്പോഴും തൻെറ പൂർവ്വഗൃഹത്തിലേക്ക് ഓടിവരുകയും ആ ജന്തുവിൻെറ സഹജമായ കൃതജ്ഞതയെ പലതരത്തിൽ പ്രദർശിപ്പിക്കുകയും ചെയ്തു. ആ മഹതി ഒരവസരത്തിൽ പട്ടി വീട്ടിൽ വന്നപ്പോൾ മക്കളോടിങ്ങനെ പറഞ്ഞു. "ഇതാനോക്കു, നാം വല്ല ഉഛിഷ്ടവും മാത്രം വല്ലപ്പോഴും കൊടുത്തിട്ടുള്ള ആ ജന്തുവിൻെറ നന്ദികണ്ടാലും- ഹാ! നാം ദൈവത്തോട്ട് ഇതിൻെറ പകുതികൃതജ്ഞതയെങ്കിലും വെളിപ്പെടുത്തുന്നുണ്ടോ? ദൈവം നമുക്ക് എന്തെല്ലാം തന്നിട്ടുണ്ട്. തൻെറ ഛായയിൽ നമ്മേ സൃഷ്ടിച്ച് ഒരാത്മാവും നിത്യഭാഗ്യത്തിൻെറ അവകാശവും താൻ നമുക്ക് തന്നിരിക്കുന്നു." (തുടരും)

# ചെറുപുഷ്പ സഹോദരികൾ.

അമ്മേരിക്കനായ ഫാദർ ഡോളൻെറ സന്ദർശനവിവരണം.

(റവ. ഫാദർ എജീദിയൂസ് സി. ഡി.)

II.

ആദ്യമായിതന്നെ എനിക്കുംനിങ്ങൾക്കും, എന്നുവേണ്ട ചെറുപുഷ്പഭക്തർക്കെല്ലാവർക്കുംതന്നെ വളരെ കാര്യമായി മതിയ്ക്കപ്പെടേണ്ട ഒരാളെ, അതെ പൗളിനെ, ഈശോയുടെ ആഞ്ഞസമ്മയെ, വി. കൊച്ചുത്രേസ്യായുടെ രണ്ടാനമ്മയെന്ന അപരനാമമുള്ള പൗളിനെ, സന്ദർശിച്ച വിവരമാണ പറയുവാൻ പോകുന്നതു്.

ഞാൻലിസ്യൂയിൽ താമസിച്ചിരി

ക്കുകയിൽ ഒരുദിവസംകാലത്തു വി. കുർബാനക്കുമുമ്പ് ന. വി. കൊച്ചുത്രേസ്യായോട് "ഈ ദിവ്യപൂജ നിന്റെ ഇഷ്ടംപോലെ വിനിയോഗിക്കുന്നതിനു നിനക്കു വിട്ടുതന്നിരിക്കുന്നു. എന്നാൽ എനിക്ക് നിന്റെ സഹോദരിയായ പൗളിനെകണ്ട് സംസാരിക്കണം എന്നുള്ളസംഗതി സ്മരിച്ചാലും" എന്നു അപേക്ഷിച്ചുകൊണ്ട് ആ വിശുദ്ധയുടെ കവറിടത്തുങ്കൽതന്നെ കുർബാനയും ചൊല്ലി. അന്നുഏകദേശം ഉച്ചയോടുകൂടി കർമ്മലീത്താ മഠത്തിന്റെ വാതുക്കൽ ചെന്നു അവിടെ ഒരു ചെറിയ ചരടിൽ തൂക്കിയിട്ടിരുന്നമണി അടിച്ചു. തൽക്ഷണം വാതിൽക്കാരിയായ സഹോദരിവന്നു വാതിൽ തുറന്നു. ഉടനെ ഞാൻ-"സഹോദരി! ആഞ്ഞെസമ്മയെക്കണ്ട് എനിക്കൊന്നു സംസാരിക്കണം" അതിനു ആസഹോദരി "അമ്മ വാതിൽമുറിയിൽ ഒരിക്കലും വരികയില്ല" എന്നുപറഞ്ഞ് അവിടെ തൂക്കിയിട്ടിരുന്ന ഒരുപലക കാണിച്ചുകൊണ്ട്, "അപേക്ഷിക്കുമ്പോൾ തിരസ്കരിക്കപ്പെടുവാൻ നിർബന്ധിതരാകാതിരിപ്പാൻവേണ്ടി തീർത്ഥയാത്രക്കാർ ചെറുപുഷ്പത്തിന്റെ സഹോദരികളോടു സംസാരിക്കുന്നതിനു ആവശ്യപ്പെടരുതാത്തതാകുന്നു. അവളുടെ സഹോദരികളേ ഏകാന്തത്തിനും നമസ്കാരത്തിനുമായി അനുവദിക്കുന്നതിൽ കാണിക്കുന്ന അവരുടെ പരിത്യാഗത്തിനു തക്കപ്രതിഫലംചെറുപുഷ്പം നൽകാതിരിക്കുകയില്ല" എന്നുഎന്നെ വായിച്ചുകേൾപ്പിച്ചു. എന്നുവരികിലും ഞാൻ ആ സഹോദരിയോട് "ഒരുപ്രത്യേക ഉപകാരമായിട്ടു ഈകാർഡ് ആഞ്ഞെസമ്മക്കു കൊടുക്കാമോ? എനിക്ക് അമേരിക്കയിൽവെച്ചു അവരുടെ പലപല എഴുത്തുകൾ കിട്ടിയിട്ടുണ്ട്. ഞാൻ അമേരിക്കയിലെ ചെറുപുഷ്പസഖ്യത്തിന്റെ ഡയറക്ടരാണ്. അതു ലോകത്തിൽ ഇന്നു വി. കൊച്ചുത്രേസ്യായുടെ ബഹുമാനാർത്ഥം സ്ഥാപിതമായിരിക്കുന്ന സഖ്യങ്ങളിൽവെച്ചു ഏററം വലുതാണ്. ഒരു പക്ഷേ ഈ കാരണത്തേക്കുറിച്ച് ആഞ്ഞെസമ്മ എന്നെ കാണുന്നതിനു വരുമായിരിക്കും" അതിനു ആ സഹോദരി! "കൊള്ളാം അച്ചാ ഞാൻ ഇതു അമ്മയ്ക്കു കൊണ്ടുകൊടുക്കാം" എന്നുപറഞ്ഞ് മണിമുറിയുടെ വാതിൽതുറന്നു അവിടെ ഇരിക്കുന്നതിനു ഒരുസ്ഥലം കാണിച്ചുതന്നിട്ടുധൃതിയിൽ അകത്തോട്ടുപോയി.

ഞാൻ അവിടെ—കർമ്മല മഠത്തിന്റെവാതിൽമുറിയിൽ—ആവിരിക്കു പുറത്തു— എത്രസംഭ്രമത്തോടും എന്നാൽ ശരണത്തോടും കൂടെയാണ് ഇരുന്നതെന്നു നിങ്ങൾതന്നെ ചിന്തിച്ചുകൊൾവിൻ. ആസഹോദരി തിരിച്ചുവരുമോ? ചെറുപുഷ്പത്തിന്റെ സഹോദരിയോടു സംസാരിക്കുന്നതിനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടാകുമോ? അതോ നിഷ്കരുണമായി ഞാൻ നിരാശപ്പെടേണ്ടിവരുമോ? ആർക്കറിയാം— ഞാൻറോമ്മായിൽവെച്ചു പരിശുദ്ധപിതാവിന്റെ സന്നിധിയിൽ കൂട്ടിക്കൊണ്ടു പോകപ്പെടുന്നതിനായി 'ആൻറികാമറായി'ൽ അത്യാശയോടെ ഇരുന്നതിലുംവലിയഉൽക്കണ്ഠാപൂർവ്വമാണു പൗളിനെക്കാണുവാൻ അവിടെഇരുന്നതു്. ഇങ്ങനെയുള്ള വിചാരങ്ങളാൽ ആവൃതനായിരിക്കുകയിൽ വിരിയുടെ പുറകിലുള്ള വാതിൽതുറക്കുന്ന സ്വരം എന്റെ ചെവികളിൽപ്പെട്ടു. എന്നാൽ കാലടിയുടെ ശബ്ദം കേട്ടതുതന്നെയില്ല. ഉടനെമുന്നറിവുയാതൊന്നും കൂടാതെ 'കർമ്മലിത്താ സഹോദരികൾക്ക് സഹജമായ "Deo gratias" 'ദൈവത്തിനു സ്തുതിയായിരിക്കട്ടെ' എന്നഉപചാരവാക്യം കേട്ടു. ഹാ! എന്തൊരു സ്വരം, എത്രമാർദ്ദവം, എത്രനവമായതു! കഷ്ടംഈ വിശേഷണങ്ങളൊന്നും ആ വിശിഷ്ടസ്വരത്തെ മനസ്സിലാക്കുന്നതിനു പ്രാപ്യങ്ങളല്ല. പൗളിന്റെസ്വരം പണ്ടേ തന്നെ എനിക്കു പരിചയമുള്ളതുകൊണ്ട് അതുഅവളുടെതാണെന്നു ഉടനെ മനസ്സിലായി. തൽക്ഷണം ഞാൻ അറിയാതെതന്നെ "അതു പൗളിൻതന്നെയോ" എന്നചോദ്യം എന്നിൽനിന്നു ബഹിർഗ്ഗമിച്ചു. വീണ്ടും ആ സ്വരം "അതെ അച്ചാ, പൗളിൻതന്നെ" എന്നുത്തരിച്ചു. ഇതു കേൾക്കയിൽ ഞാൻ സ്വല്പനേരത്തേക്ക് ഇതികർത്തവ്യതാമൂഢനായിനിലകൊണ്ടു പോയി. ആവാത്സല്യ സഹോദരിയുടെ—

അതേ— വി. കൊച്ചുത്രേസ്യായുടെ രണ്ടാനമ്മയുടെ സമക്ഷത്താണു നില്ക്കുന്നതെന്നു വിചാരിക്കുകയിൽ ഒരു പാരവശ്യം എന്നെ ചുറ്റിയിരിക്കുന്നതായി തോന്നിപ്പോയി.

വിശുദ്ധ കൊച്ചു ത്രേസ്യായുമായുള്ള അവളുടെ നടപടികളെപ്പറ്റിയുള്ള വിചാരപരമ്പരകൾ എന്നെ ആവരണംചെയ്തു. ഉദാഹരണമായി അവളുടെ വാത്സല്യമാതാവിന്റെ അന്ത്യസമയത്തേകാൎയ്യ ഒരു ഇടിമിന്നൽപോലെ എന്റെ ബോധത്തിൽവന്നു. കട്ടിലിനു ചുറ്റും പുത്രിമാർ എല്ലാവരും മുട്ടിന്മേൽ നില്ക്കുന്നു. ചെറുപുഷ്പവും അടുത്തുണ്ടു്. അവസാനനാഴികയടുത്തു. അവളുടെസംസാരസ്വാതന്ത്ര്യം നശിച്ചു. അവൾസാവധാനത്തിൽ പൗളിന്റെ കരങ്ങളെ പിടിച്ചു കട്ടിലിനരികേയുള്ള പുത്രിമാരെ ചൂണ്ടിക്കാണിച്ചശേഷം പ്രസ്തുത കൈകളെ ഉയൎത്തി തന്റെ ചുണ്ടോടു ചേൎത്തു വളരെബഹുമാനപൂൎവ്വം ഒന്നു ചുംബിച്ചു. ഇതുവഴിയായി പൗളിനാണു് അവരുടെ അമ്മയായി ഇരിക്കേണ്ടതെന്നും ചുംബനംമാതാവിന്റെ അധികാരത്തെ അവൾക്കു് പ്രദാനം ചെയ്യുന്നുഎന്നും അവൾ പ്രത്യക്ഷപ്പെടുത്തി.

ഹാ! ഇതാ എന്റെമുമ്പാകെ, വിരിക്കകത്തു പൗളിൻ, കൊച്ചുത്രേസ്യാ കൗമാരത്തിൽ പ്രവേശിക്കുന്നതുവരെയുള്ള മാൎട്ടിന്റെ വീട്ടിലെ സ്വാമിനി—മാതാവു്— കൊച്ചുത്രേസ്യായുടെ വളരെ നിഷ്കൎഷയുള്ള— എന്നാൽ വളരെ സ്നേഹമുള്ള ഉപാധ്യായിനി— നില്ക്കുന്നു. ഉടനടി ചെറുപുഷ്പത്തിന്റെ ചെറുപ്പകാലത്തു നടന്ന ഒരുസംഭവം എന്റെ ഓൎമ്മയിൽ പാഞ്ഞുകയറിവന്നു. അതു പൗളിന്റെ സ്വഭാവത്തേ പ്രസ്പഷ്ടമാക്കുന്നതിനു പൎയ്യാപ്തമായ ഒന്നു തന്നെയായിരുന്നു. വേനൽക്കാലത്തു ഒരു മദ്ധ്യാഹ്ന സമയം, പിതാവുമായുള്ള ഒരു നടപ്പിനുശേഷം, തിരിച്ചുവന്ന കൊച്ചുത്രേസ്യാ പൗളിനൊടു് “ഓ! പൗളിൻ! ഞാൻഎത്രദാഹിച്ചിരിക്കുന്നുഎന്നറിയാമോ?എന്നു ചോദിച്ചു. പൗളിൻ അവളെ പരിത്യാഗത്തിന്റെഒരുപാഠംപഠിപ്പിക്കണംഎന്നുകരുതി “ത്രേസ്യാ നിന്റെദാഹം അടക്കി ഒരു പാപിക്കുവേണ്ടി കാഴ്ചവെയ്ക്കാൻ പാടില്ലയോ” എന്നുത്തരിച്ചു. ചെറുപുഷ്പം അവളുടെ വലിയകണ്ണുകളേ തുറിച്ചുയൎത്തി കുറെനേരം പൗളിനെ നോക്കിയശേഷം തന്റെ പരിത്യാഗത്തിന്റെ പരിമാണത്തേ അറിയിക്കത്തക്കതായ ഒരു ദീൎഘശ്വാസത്തോടുകൂടി “ഉവ്വ് പൗളിൻ”എന്നുമറുപടിപറഞ്ഞു. ഉടനെപൗളിൻമനസ്സലിഞ്ഞു കുറെനല്ല പാനീയം കൊണ്ടുവന്നുകൊടുത്തു.അപ്പോൾഅതുഇടൎച്ചയായി കരുതിതുടൎന്നുപറയുന്നു “ഓ! ഒരിക്കലുമില്ല. ഇതു് സ്വീകരിച്ചുകൊണ്ടു് പാപിയെ ഉപേക്ഷിക്കയോ? നല്ല കാൎയ്യം! ഒരിക്കലുമില്ല!!”ഉടൻ പൗളിൻ പരിത്യാഗം സ്വതേ വരിച്ചതുകൊണ്ടു് പുണ്യം സമ്പാദിച്ചുകഴിഞ്ഞുഎന്നും, എന്നാൽ അതോടുകൂടെ ഇപ്പോൾ അനുസരണയുടെ പുണ്യംകൂടെ കൂട്ടേണമെന്നും വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു. ഇപ്രകാരമുള്ള ഒരു ശിക്ഷാക്രമമാണു് പൗളിനിൽനിന്നും ചെറുപുഷ്പം സ്വീകരിച്ചതു്.

ഇതാ വീണ്ടും ചെറുപുഷ്പത്തിനു ഗൃഹജോലികൾ ഏല്പിച്ചുകൊടുത്ത ആ സഹോദരി എന്റെ മുമ്പാകെ നില്ക്കുന്നു. കൊച്ചുത്രേസ്യാക്കു് ഏല്പിക്കപ്പെട്ടിരുന്ന ജോലികളിൽഒന്നു പടിവാതിൽ സൂക്ഷിപ്പായിരുന്നു. അവൾക്കതു വളരെ താല്പൎയ്യമുള്ള കാൎയ്യമായിരുന്നു. പ്രത്യേകമായി തിങ്കളാഴ്ചതോറും—എന്തെന്നാൽഅന്നു മാൎട്ടിന്റെ പടിക്കൽ ദരിദ്രർധാരാളം ഓടിക്കൂടിയിരുന്നു. പടിക്കലുള്ള മണിയുടെ സ്വരം കേൾക്കുന്ന മാത്രയിൽ അവൾ പാഞ്ഞുചെന്നു വിവരം അറിഞ്ഞു പൗളിനെ അറിയിച്ചിരുന്നു. ഒരുദിവസം അവൾ ഓടിവന്നു് ഓ! പൗളിൻ! ഒരു പാവപ്പെട്ടസ്ത്രീ രണ്ടു പിഞ്ചുകുഞ്ഞുങ്ങളെയും കൊണ്ടുവന്നിരിക്കുന്നു. എന്താ കൊടുക്കേണ്ടതു്” വേറൊരിക്കൽ ഒരുസാധുവിനു ധൎമ്മംകൊടുത്തശേഷം സന്തോഷത്താൽ തിളങ്ങുന്ന മുഖത്തോടുകൂടിവന്നു “പൗളിൻ! ആ സാധുവായ മനുഷ്യൻ ‘പ്രിയകുഞ്ഞേ ദൈവം നിന്നെ ആശീൎവ്വദിക്കും’ എന്നു പറഞ്ഞു മടങ്ങിപ്പോയി” എന്നറിയിച്ചു.

ഈ പൗളിനാണ് കൊച്ചുത്രേസ്യായുടെ അന്ത്യക്ഷണത്തിൽ അവളോടുകൂടെ ഇരിക്കുകയും അവളുടെ അവസാന നാഴികയിൽ സഹോദരികൾഎല്ലാം വന്നു കൂടുന്നതിനായി മണിഅടിക്കുകയുംചെയ്തത്. ഇപ്രകാരമുള്ള വിചാരപരമ്പരകളാണ് ചെറുപുഷ്പസഹോദരിയുടെ മുമ്പാകെ നില്ക്കുകയിൽ എന്നിൽ പൊങ്ങിവന്നത്. ആകയാൽ സ്വല്പനേരത്തേക്ക് സംസാരവശഹീനനായതിൽ അത്ഭുതപ്പെടാനില്ലല്ലോ.

അതിന്റെശേഷം ഞാൻ 'ഓ മദർ! വി. കൊച്ചുത്രേസ്യായുടെ സഹോദരിയോട് സംസാരിക്കുവാൻഭാഗ്യം കിട്ടിയതിനാൽ എനിക്കുള്ള സന്തോഷം പറഞ്ഞറിയിക്കുവാൻ ഞാൻ അശക്തനാണ്." എന്നുപറഞ്ഞു. അപ്പോൾ ആ സ്വരം വീണ്ടും "ഓഫാദർ! അവിടത്തേക്കു സന്തോഷമായിരിക്കുന്നതുകൊണ്ട് എനിക്കും സന്തോഷംതന്നെ. എന്തുകൊണ്ടെന്നാൽ അച്ചൻ അമേരിക്കയിൽ ചെറുപുഷ്പഭക്തി പരത്തുന്നതിനു വളരെഒക്കെ പ്രവർത്തിക്കുന്നു എന്നു കേട്ടു."

ഞാൻ– ഉവ്വ, എന്നാൽ നിങ്ങളുമായിട്ടുള്ള ഈ സന്ദർശനം ഞാൻ ചെയ്തതും ഇനിയും ചെയ്യാനിരിക്കുന്നതുമായ സകലപ്രവൃത്തികൾക്കും അളവറ്റവിധം പ്രതിസമ്മാനം തന്നുകഴിഞ്ഞിരിക്കുന്നു.

മദർ– ഏകനായിരിക്കുന്ന അങ്ങേ മുമ്പാകെവന്നു സംസാരിപ്പാൻ എനിക്കുപാടില്ലാ എന്നു അറിയാമല്ലൊ? ഞങ്ങളുടെ ന്യായപ്രമാണം ആവശ്യം കൂടാതെയുള്ള സംസാരത്തെ കഠിനമായിമുടക്കുന്നു. എന്നാൽ അച്ചൻ ചെറുപുഷ്പബഹുമാനാർത്ഥം സ്ഥാപിതമായിരിക്കുന്ന സംഘത്തിന്റെ ഡയറക്ടർ ആയിരിക്കുന്നതുകൊണ്ടാണ് ഞാൻ ഇപ്പോൾ അങ്ങേ മുമ്പാകെ വന്നിരിക്കുന്നത്' എന്നുപറഞ്ഞു. ഇതിനുശേഷം സഖ്യത്തെക്കുറിച്ചും അംഗങ്ങളുടെ ചുമതലയെക്കുറിച്ചും നമ്മുടെ കപ്പേളയേക്കുറിച്ചും പലപലവിവരങ്ങളേയും ചോദിച്ചറിഞ്ഞു. പിന്നീട് വ്യാഴാഴ്ചതോറും കപ്പേളയിൽകൂടുന്ന ജനബഹുലതയെ കാണിക്കുന്ന ഒരു ഫോട്ടോ അവർ ആവശ്യപ്പെട്ടു. അതു പിന്നീട് അയച്ചുകൊടുക്കുകയും ചെയ്തു. തദനന്തരം അപ്രധാനങ്ങളായ ചിലസംസാരങ്ങൾ നടന്നു. അതിന്റെ അവസാനത്തിൽ ചിലചോദ്യങ്ങൾ ചോദിക്കുന്നതിനു ഞാൻ അനുവാദം ചോദിക്കുകയും സസന്തോഷം അതിനു അനുമതി നൽകുകയും ചെയ്തു.

ഞാൻ—മദർ! ചെറുപുഷ്പത്തിന്റെ ജീവിതകാലത്തു സഭാംഗങ്ങളായ സഹോദരികൾ അവളെ ഒരുപുണ്യവതിയേപ്പോലെയാണോ കരുതിയിരുന്നത്?

മദർ— അല്ല. അവളെ ഒരു പൂർണ്ണ സന്യാസിനിയായിട്ട് മാത്രം അവർപരിഗണിച്ചിരുന്നു. അല്ലാതെവരുംകാലത്തിൽ വിശുദ്ധയായി പ്രഖ്യാപനം ചെയ്യപ്പെടുന്ന ഒരാളായി അവളെ കരുതിയിരുന്നോഎന്ന് എനിക്ക് അറിവാൻപാടില്ല.

ഞാൻ— അവളിൽ അസാധാരണമായിവല്ലതും കണ്ടിരുന്നോ?

മദർ- അവൾ ഒരു സാധാരണ സഹോദരിയല്ലെന്നു അവക്ക് അറിയാമായിരുന്നു. അവൾ മാധുര്യമുള്ളവളും സൌമ്യതയുള്ളവളും ആയിരുന്നു എന്നു തന്നെയല്ലാ സകല പുണ്യങ്ങളിലും അവൾ പരിപൂർണ്ണയായിരുന്നു എന്നും അവക്കു അറിയാമായിരുന്നു.

ഞാൻ– രണ്ടാനമ്മയായ നിങ്ങൾ - അവളുടെ വിശ്വസനീയ വചനങ്ങളേ കൈക്കൊണ്ട നിങ്ങൾ – എങ്കിലും ദൈവം അവളെ ഒരു പ്രത്യേക ജോലിക്കായി (Mission) തിരഞ്ഞെടുത്തിരിക്കുന്നു എന്നു അറിഞ്ഞിരുന്നോ?

മദർ- ഉവ്വ് അച്ചാ! എന്റെ സഹോദരി സാധാരണതരത്തിലുള്ള സന്യാസിനി അല്ലാ എന്നു എനിക്ക് നല്ലപോലെ അറിയാമായിരുന്നു. അവൾക്ക് ദൈവം തന്റെ അസാധാരണവും അതിവിശേഷവുമായ വരപ്രസാദങ്ങളെ പ്രദാനം ചെയ്തിട്ടുണ്ടെന്നു എനിക്ക് നല്ലബോദ്ധ്യമുണ്ടായിരുന്നു. ഇതുപ്രധാനമായി അവളുടെ

ജീവിതാന്ത്യത്തിൽ "എന്റെ വേലയെ എന്റെ മരണശേഷം ആരംഭിക്കും; ഭൂമിയിൽ നന്മ ചെയ്യുന്നതിനായിട്ടു എന്റെ സ്വർഗ്ഗത്തെ ഞാൻ ചിലവഴിക്കും. സ്വർഗ്ഗത്തിൽ നിന്നും ഞാൻ റോസപുഷ്പങ്ങളെ വർഷിക്കും" എന്ന പ്രവചനങ്ങളെ ചെയ്വാൻ തുടങ്ങിയപ്പോൾ നല്ലവണ്ണം എനിക്ക് മനസ്സിലായി. അപ്പോൾ അതു സ്വർഗ്ഗസ്ഥപിതാവിന്റെ പ്രേരണയാൽ ഉണ്ടായെന്നു ഞാൻ നിശ്ചയിച്ചു. അതുമുതൽ അവളുടെ അധരങ്ങളിൽ നിന്നുവീഴുന്ന യാതൊന്നും രേഖപ്പെടുത്താതെ ഞാൻ വിട്ടിരുന്നുമില്ല. അന്നത്തേക്കാൾ ഇന്നാണു് അവളെ ദൈവം ഒരു പ്രത്യേക ജോലിക്കായി തിരഞ്ഞെടുത്തിരിക്കുന്നു എന്നു തെളിവായി മനസ്സിലാകുന്നതു്"

പ്രിയസ്നേഹിതരെ! സമയം അതിക്രമിച്ചിരിക്കുന്നു. പൗലിനുമായിട്ടുള്ള സന്ദർശനം തന്നെ തീർന്നിട്ടില്ല. അവൾ പുരുഷന്മാർക്കായിട്ടും സ്ത്രീകൾക്കായിട്ടും ഒരോ സന്ദേശം അയച്ചുതന്നിട്ടുണ്ട്. അതു നാളത്തെ പ്രസംഗത്തിൽ നിങ്ങളോടു പറഞ്ഞുതരാം. അതോടുകൂടി പൗളിന്റെ സന്ദർശനവിവരം അവസാനിപ്പിക്കുകയും ചെയ്യാം. (തുടരും)

# സംശയം നീങ്ങിപ്പോയി.

## ഒരു വാസ്തവ സംഭവം.

(ഒരു യുവവൈദികൻ)

സ്പെയിൻ രാജ്യത്തു മൊൺകാസാ എന്ന പട്ടണത്തിൽ വളരെ ഭക്തനായ ഒരു യുവവൈദികൻ ജീവിച്ചിരുന്നു. ഇദ്ദേഹം വളരെ സംശയക്കാരനായിരുന്നതിനാൽ, "താൻ ശരിയായിട്ടും തക്ക ഒരുക്കത്തോടും തിരുസഭയുടെ ചട്ടപ്രകാരവും ആണോ വൈദികപട്ടം സ്വീകരിച്ചതു്" എന്നുള്ള വിചാരം അയാളുടെ ജീവിതത്തെ വിഷാദസമ്പൂർണ്ണമാക്കിയിരുന്നു. എന്നുതന്നെയല്ല, പലപ്പോഴും ദിവ്യബലി അർപ്പിക്കുന്നതിൽ നിന്നകറ്റുന്നതിനുകൂടെയും അതു കാരണമായി ഭവിച്ചു. ഇതിനുള്ള ഏക സിദ്ധൗഷധം അദ്ദേഹം കണ്ടുപിടിച്ചതു് ഇപ്രകാരമാണു്; "മെത്രാന്റെ പക്കൽ പോയി സംശയത്തിൻ കീഴ വീണ്ടും തിരുപ്പട്ടം സ്വീകരിക്കുകതന്നെ. ഇതുമാത്രമാണു് ഉത്തമപോംവഴി" എന്നു മനസ്സിൽ കരുതി അതിനായുള്ള മുൻകരുതൽ എല്ലാം തന്നെ ചെയ്തുകഴിഞ്ഞു. ഇങ്ങനെ ഇരിക്കുകയിൽ ദൈവം അദ്ദേഹത്തിന്റെ ഗുരുപ്പട്ടസ്വീകരണത്തിന്റെ സാധുതയേ അദ്ദേഹത്തിനു് അറിവിക്കുന്നതിനു തിരുമനസ്സായി. എങ്ങിനെയെന്നാൽ, ക്രിസ്തുമസ് ദിവസം അടുത്തു. ദേവാലയത്തിലെ മണിനാദം അർദ്ധരാത്രി പൂജയ്ക്കു് ജനങ്ങളെ ക്ഷണിച്ചു. ദേവാലയവും പരിസരപ്രദേശങ്ങളും ജനാവലിയാൽ നിറഞ്ഞുകഴിഞ്ഞു. പള്ളിയുടെ ഒരു ഭാഗത്തു പുൽക്കൂട്ടിൽ വൈക്കോൽ കൊണ്ടുള്ള ഒരു മെത്തയിൽ ഉണ്ണിയീശോ കിടക്കുന്നു. സുഗന്ധവാഹികളായ പുഷ്പങ്ങൾ പുൽക്കൂടിനെ അലങ്കരിച്ചിരുന്നു. അൾത്താരകൾ ദീപാവലികളാൽ പ്രശോഭിതങ്ങളായി. ഈ ശുഭമുഹൂർത്തത്തിൽ നമ്മുടെ വൈദികനെയാണു് ആഘോഷപൂജയ്ക്കു് അധികാരികൾ നിയമിച്ചതു്. കല്പന ഒരു വശത്തു്, സംശയം മറുവശത്തു്. ഹൃദയസമാധാനം അയാളെ വിട്ടകന്നു. കൈകൾ വിറച്ചുതുടങ്ങി. അധരങ്ങൾ ഭീതിയാൽ വിളറി വശായി. എന്തിനധികം. സഹകർമ്മികൾ അദ്ദേഹത്തെ അൾത്താരയിൽ കൊണ്ടുചെന്നു കഴിഞ്ഞു. ദിവ്യപൂജയും ആരംഭിച്ചു. ഓസ്തി കൂദാശചെയ്യുന്നതിനുള്ള സമയമായി. ജനാവലി നിശ്ശ

ബ്ദമായി നില്ക്കുന്നു. പള്ളിമണികൾ ഈ ദിവ്യമുഹൂൎത്തത്തെ സകലരേയും അറിയിച്ചു. നമ്മുടെ വൈദികൻ "കൂദാശമൊഴികൾ" ഉച്ചരിച്ചുകഴിഞ്ഞു്, ആ ദിവ്യ അപ്പത്തെ സകലരും ആരാധിക്കുന്നതിനായി ഉയൎത്തിപ്പിടിച്ചു. അപ്പോൾ ഇതാ അവിടെ പ്രബലപ്പെട്ടിരുന്ന നിശ്ശബ്ദതയെ ഭഞ്ജിച്ചു ഒരു ചെറു പൈതൽ "അമ്മേ നോക്കുക. എത്ര മനോഹരമായ ഒരുണ്ണി! അതാ അൾത്താരയിലേക്കു നോക്കുക" എന്നു സന്തോഷപൂരിതനായി തിളങ്ങുന്ന മുഖത്തോടുകൂടി വിളിച്ചു പറഞ്ഞു. എന്നാൽ ആ പൈതലിന്റെ മാതാവു് അവനെ ശാസിച്ചു മിണ്ടാതടങ്ങുന്നതിനു പ്രമാണിച്ചു. അവിടെ കൂടിയിരുന്നവരിൽ ആൎക്കും തന്നെ ഈ ദിവ്യകാഴ്ച കാണുന്നതിനു സാധിച്ചില്ല. കുട്ടി വീണ്ടും അൾത്താരയിലേക്കു തന്നെ നോക്കിയിരിപ്പായി. സ്വല്പസമയത്തിനുള്ളിൽ ചാടിഎഴുന്നേററു്, അടുത്തു തന്നെ തനിക്കു ലഭിച്ച ശാസനയെ മറന്നു സന്തോഷം ചിതറുന്ന മുഖത്തോടും ആനന്ദബാഷ്പങ്ങൾ കവിഞ്ഞൊഴുകുന്ന നേത്രങ്ങളോടുംകൂടെ "ഹാ! എത്ര അഴകുള്ള ഉണ്ണി. പുൽക്കൂട്ടിൽ കിടക്കുന്ന ആ ഉണ്ണിയെപ്പോലെ തന്നെയിരിക്കുന്നു" എന്നു വീണ്ടും നിലവിളിച്ചു ആ ദിവ്യകാഴ്ച കാണുന്നതിനു സ്വമാതാവിനെ ക്ഷണിച്ചു. അവളാകട്ടെ യാതൊന്നും തന്നെ കണ്ടില്ല. പട്ടക്കാരൻ പൂജ തുടൎന്നുകൊണ്ടു തന്നെ പോയിരുന്നു. അവസാനത്തിൽ ആ ദിവ്യബലിയെ അദ്ദേഹം കൈക്കൊള്ളുകയിൽ ഈ കാഴ്ച മറഞ്ഞുപോകുകയും ചെയ്തു. ഉടനെ കുട്ടിയുടെ മുഖം വിളറി. ദുഃഖത്തിന്റെയും സന്താപത്തിന്റെയും ലക്ഷണങ്ങൾ അവനിൽ പ്രവേശിച്ചു. നേത്രങ്ങളിൽ നിന്നു ചുടുകണങ്ങൾ പ്രവഹിച്ചു. ഇതിനിടയിൽ വൈദികൻ കൎമ്മങ്ങളും അവസാനിപ്പിച്ചു മടങ്ങി സങ്കീൎത്തിയിൽ വന്നു. കുട്ടിയുടെ പ്രലാപവും സങ്കടവുംകണ്ടു മാതാവു രണ്ടാമത്തെപൂജയും കൂടി കാണുന്നതിനു ഉറച്ചു അവിടെത്തന്നെ താമസിച്ചു. ഏകദേശം പ്രഭാതമായപ്പോൾ വീണ്ടും നമ്മുടെ വൈദികൻ തിരുവസ്ത്രങ്ങൾ അണിഞ്ഞു ദിവ്യപൂജക്കായി അൾത്താരയിൽ പ്രവേശിച്ചു. ഈ പ്രാവശ്യം മാതാവും പൈതലും അൾത്താരയോടു വളരെ അടുത്തുള്ള ഒരു സ്ഥലം കൈവശമാക്കി, നടക്കുവാൻ പോകുന്ന സംഭവത്തെ പാൎത്തു അക്ഷമരായി നിന്നു. ഇതാ ദിവ്യമുഹൂൎത്തം അടുത്തുവരുന്നു. കുട്ടിയുടെ ജിജ്ഞാസ പതിന്മടങ്ങു വൎദ്ധിച്ചു. പട്ടക്കാരൻ കൂദാശവചനങ്ങൾ ഉച്ചരിച്ചു കഴിഞ്ഞു് അതിനെ ഉയൎത്തി ജനങ്ങളെ കാണിക്കുകയിൽ പൈതൽ ചാടി എഴുന്നേററു ഉയൎന്ന സ്വരത്തിൽ "അതാ അമ്മേ! ഉണ്ണി പിന്നെയും വന്നിരിക്കുന്നു. നോക്കുക. അമ്മ കാണുന്നില്ലേ! എത്ര മനോഹരം" എന്നു നിലവിളിച്ചു. എന്നാൽ ഇപ്പോഴും അവളുടെ നേത്രങ്ങൾ പൂട്ടപ്പെട്ടതായി കാണപ്പെട്ടു. ആകയാൽ അവൾ കുട്ടിയെ വീണ്ടും ശാസിച്ചമൎത്തേണ്ടതായി വന്നു. ഇതിനെ തുടൎന്നു തന്നെ മൂന്നാമത്തെ പൂജയും നടന്നു. മേൽപറഞ്ഞ സംഗതികൾ അതിലും നടക്കുകയുണ്ടായി. ഈ സംഭവം കൎണ്ണാകൎണ്ണികയാ ക്ഷണത്തിൽ നാടെങ്ങും പരന്നു. ജനങ്ങൾ ദൈവ മഹത്വത്തെ കൊണ്ടാടി. അവസാനമായിനമ്മുടെവൈദികനും ഇതുകേൾക്കുന്നതിനു ഇടയായി. ഉടനടി പ്രസ്തുത മാതാവിനേയും പൈതലിനേയും തന്റെ പക്കൽ വരുത്തി വിവരം മുഴുവനും മനസ്സിലാക്കി. തൽക്ഷണം തന്റെ പൗരോഹിത്യത്തിന്റെ സാധുതയെ ഉറപ്പായി വിശ്വസിക്കയും അപ്പോൾ തുടങ്ങി തന്റെ ചഞ്ചല സ്വഭാവം നീങ്ങിപ്പോകുന്നതിനു തുടങ്ങുകയും ചെയ്തു. ഇതിന്റെ ശേഷം തന്റെ പൂജകാണുന്നതിനു ദിവസേന വരണമെന്നു് അവരോടു ശട്ടവുംകെട്ടി. കുറെ കഴിഞ്ഞപ്പോൾ സംശയമാകുന്ന കടലിൽ വീണ്ടും അദ്ദേഹം ചാടി. പട്ടസ്ഥാനത്തെക്കുറിച്ചു സംശയവും തുടങ്ങി. ഇങ്ങനെ പലനാൾ കഴിഞ്ഞു. ഒരു ദിവസം രാവിലെ അദ്ദേഹം പൂജ അൎപ്പിക്കാൻ പോയി. നമ്മുടെ കുട്ടിയും സന്നിഹിതനായിരുന്നു. അദ്ദേഹം മൂന്നു പടത്തീൎത്തുകൾ എടുത്തു കൊണ്ടു പതിവുപോലെ പൂജ ചെയ്യുന്നതിനായി പോയി.

എന്നാൽ കൊണ്ടുപോയതിൽ ഒന്നു ക്രൂദാശ ചെയ്യാതെ നീക്കിവച്ചു ക്രൂദാശ ചെയ്യാത്ത ആ തിരുഓസ്തി ഉയർത്തി കാണിക്കയിൽ കൂട്ടി "ഹ! അതിൽ ഉണ്ണിയില്ലല്ലോ" എന്നു നിലവിളിച്ചു പറഞ്ഞു. മറേറതു ഉയർത്തിയ ക്ഷണം "ഇതാ ഉണ്ണി അവിടെ കാണപ്പെടുന്നു" എന്നു ആനന്ദഭരിതനായി അവൻ ഉച്ചത്തിൽ പറഞ്ഞു. ഇതോടുകൂടെ നമ്മുടെ വൈദികൻെറ സംശയമെല്ലാം നീങ്ങി. സന്തോഷത്താൽ മതിമറന്നു് വിശുദ്ധനായ സിമയോനെപ്പോലെ "ഓ! കർത്താവേ, അങ്ങേ വചനംപോലെ അവിടത്തെ ദാസനെ ഇനി വിട്ടയയ്ക്കേണമേ" എന്നു പ്രാർത്ഥിച്ചു.

## ൧൯൨൯ കുംഭമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

### തിരുസഭയും യുവജനങ്ങളുടെ വിദ്യാഭ്യാസവും.

ലോകത്തിലെവിടെ നോക്കിയാലും വിദ്യാഭ്യാസത്തിലുള്ള ഭ്രമം നാൾക്കുനാൾ വർദ്ധിച്ചുവരുന്നതായി കാണാം. എല്ലാരാജ്യങ്ങളും അവയുടെ മുതലെടുപ്പിൽ ഒരു വലിയ ഭാഗം അവിടത്തെ യുവജനങ്ങളുടെ വിദ്യാഭ്യാസത്തിലേക്കു വിനിയോഗിച്ചുവരുന്നുണ്ടു്. യൂറോപ്പു രാജ്യങ്ങളിൽ വിദ്യാഭ്യാസഫലമായുണ്ടായ നാനാവിധമായ പരിഷ്കാരങ്ങൾ ഇതര രാജ്യങ്ങളെ ഈ വിഷയത്തിൽ ശ്രമിക്കുന്നതിനു ശക്തിയായി പ്രേരിപ്പിച്ചിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.



എന്നാൽ യൂറോപ്പിലേ വിദ്യാഭ്യാസം കുറേമുമ്പുവരെ കത്തോലിക്കാ തിരുസഭതന്നെയാണു നിയന്ത്രിച്ചിരുന്നതു. യുവജനങ്ങളുടെ മാനസിക വികാസത്തിനു ആവശ്യപ്പെട്ടവ എന്താണെന്നു നല്ലപോലെ ഗ്രഹിച്ചു് തദനുസരണമായി സഭാമാതാവു വിദ്യാഭ്യാസ പദ്ധതികളെ രൂപീകരിച്ചിരുന്നു. മനുഷ്യനു സർവ്വപ്രധാനമായിട്ടുള്ളതു മതബോധമാണെന്നും അതിനെ തിരസ്കരിച്ചുകൊണ്ടുള്ള വിദ്യാഭ്യാസസമ്പ്രദായങ്ങളെല്ലാം നാശകരമായേ പരിണമിക്കയുള്ളുവെന്നും കത്തോലിക്കാ സഭ എത്രയും ദിവ്യ ബോധജ്ഞാനത്തോടേ തൻെറ മക്കളെ പ്രബോധിപ്പിച്ചിരുന്നു. ഈ വിധമുള്ള സഭയുടെ വിദ്യാഭ്യാസത്തിൻെറ ഫലമായിട്ടാണു യൂറോപ്പു രാജ്യങ്ങളുടെ അഭിവൃദ്ധിയും ഉന്നമനവും ഉൽഭൂതമായതു്. എന്നാൽ രാജ്യങ്ങൾ പ്രബലപ്പെടുകയും, സഭാവിരോധികൾ വർദ്ധിക്കയും ചെയ്തതോടുകൂടെ രാജ്യാധികാരികൾ വിദ്യാഭ്യാസം പൂർണ്ണമായി തങ്ങളുടെ അധികാരസീമയിലേക്കു വലിച്ചു തുടങ്ങി. ദൈവത്തേയും മതകാര്യങ്ങളേയും വിദ്യാലയങ്ങളിൽ നിന്നു നിഷ്കാസനം ചെയ്തുതുടങ്ങി. തന്നിമിത്തം ദൈവ വിശ്വാസവും സന്മാർഗ്ഗ നിഷ്ഠയുമില്ലാത്ത ചെറുപ്പക്കാർ ദിനംപ്രതി വർദ്ധിച്ചുവരികയും, കാലക്രമത്തിൽ ജാതികളെല്ലാം ഈ നിലയിലായിത്തീരാനുള്ള ആപത്തിൽ പെടുകയും ചെയ്തു. ഇതിൻെറ ദോഷഫലങ്ങൾ രാജാധികാരികൾ തന്നെ അനുഭവിച്ചു തുടങ്ങി

യപ്പോഴാണു അവരുടെ കണ്ണുകൾ തുറക്കാൻ ആരംഭിച്ചിട്ടുള്ളതു്. മതരഹിതമായ വിദ്യാഭ്യാസം രാജ്യത്തിനു ആപൽക്കരമെന്നു രാജ്യതന്ത്രജ്ഞന്മാർ അഭിപ്രായപ്പെടുകയും, പഴയ രീതിയിലേക്കു പിന്തിരിയുന്നതിനുള്ള ശ്രമങ്ങൾ പലടത്തും ആരംഭിക്കയും ചെയ്തിരിക്കുന്നു. ഈ ദുർഘട ഘട്ടങ്ങളിലെല്ലാം കത്തോലിക്കാസഭ സ്വന്തമക്കളെ വിദ്യ അഭ്യസിപ്പിക്കേണ്ട ചുമതല തനിക്കു മാത്രമുള്ളതാണെന്നു വാദിക്കയും, എത്ര കഷ്ടനഷ്ടങ്ങൾ സഹിച്ചും ആ ചുമതല നിറവേററിപ്പോരികയും ചെയ്യുന്നുണ്ടു്. അകത്തോലിക്ക വിദ്യാലയങ്ങളിൽ ചെറുപ്പക്കാരെ അയയ്ക്കരുതെന്നു സഭ കഠിനമായി മുടക്കിയിരിക്കുന്നു. സ്വന്തവിദ്യാലയങ്ങൾ ധാരാളമായി സ്ഥാപിച്ചു നടത്തിവരുന്നു. ഈദൃശ ശ്രമങ്ങളെല്ലാം സഫലമായിത്തീരുന്നതിനും, സഭയുടെ അധികാരം ഈ വിഷയത്തിൽ സർവ്വത്ര സമ്മതിക്കപ്പെടുന്നതിനുമായി തിരുഹൃദയ ഭക്തന്മാർ ഈ മാസത്തിൽ പ്രാർത്ഥിക്കണം.

മാർച്ചുമാസം. "സമത്വവാദവിദ്വേഷം"

# ക: നാഥയുടെ കുഞ്ഞുമക്കൾക്കു്.

## I. വി. യോഹന്നാൻ ബർക്കുമാൻസ്.

### 2. ബാല്യകാലം.

പ്രി. കുഞ്ഞുങ്ങളെ,

ചെറുപ്പം മുതലെ നമ്മുടെ കൊച്ചുയോഹന്നാനിൽ ഒരു ദൈവികത്വം വിളങ്ങിയിരുന്നു. ബാലസഹജമായ ദുശ്ശീലങ്ങളും ദുശ്ശാഠ്യങ്ങളും ഈ കുട്ടിയിൽ അധികം കാണപ്പെട്ടിരുന്നില്ല. വിഷമതകളും രോഗക്ലേശങ്ങൾ മുതലായവയും സഹിക്കുന്നതിനു ഒരു പ്രത്യേക സാമർത്ഥ്യം കുട്ടിയിൽ പ്രത്യക്ഷപ്പെട്ടിരുന്നു. ഏഴു വയസ്സുമുതൽ വിദ്യാഭ്യാസത്തിനായിപ്പോയിത്തുടങ്ങി. വിദ്യാലയത്തിൽ നിന്നു മടങ്ങി എത്തുമ്പോൾ ചില സമയങ്ങളിൽ വീട്ടിൽ ആരുമില്ലാതെ വീടു് പൂട്ടിക്കിടക്കുമായിരുന്നു. തൽക്ഷണം യാതൊരുകോപവുംപ്രദർശിപ്പിക്കാതെ അടുത്തുള്ള പള്ളിയിലേക്കു പോകയും, അവിടെ വിശുദ്ധ കുർബാനയുടെ മുൻപാകെ പ്രാർത്ഥനയിൽ ചെലവഴിക്കയും ചെയ്യുന്നതുകണ്ടു പലരും അത്ഭുതപ്പെടുവാനിടയായിട്ടുണ്ടു്. ദിവ്യപൂജയ്ക്കു സഹായിക്കുന്നതിനുചെറുപ്പത്തിലെ അഭ്യസിച്ചു. അതിരാവിലെ എഴുന്നേററു, പള്ളിക്കൂടത്തിൽ പോകുന്നതിനു മുമ്പു രണ്ടു മൂന്നു കുർബാനയ്ക്കെങ്കിലും കൂടുകയെന്നുള്ളതു യോഹന്നാന്റെ ഒരു പതിവായിരുന്നു. നമ്മുടെ ബാലനു പത്തു വയസ്സായിരിക്കയിൽ അയാളെ പഠിപ്പിച്ചിരുന്ന വലേറിയൂസ് വാൻറസ്റ്റിപ്പോട്ടു് എന്ന ദേഹം ഈ കുട്ടിയെപ്പററി സാക്ഷിച്ചിട്ടുള്ളതു വായിച്ചിരിക്കേണ്ടതാണു്:— ഞാൻ ഈ കുട്ടിയെ ലാററിൻ പഠിപ്പിച്ചു തുടങ്ങിയിരിക്കയായിരുന്നു. അവന്റെ ഉത്സാഹവും ബുദ്ധിസാമർത്ഥ്യവുംനിമിത്തം, കാലതാമസംകൂടാതെ തന്നെ, അവനേക്കാൾ മുമ്പു പഠിച്ചുതുടങ്ങിയവരോടു അവൻഒപ്പം എത്തി. എന്നു മാത്രമല്ല ക്രമേണ അവരേയെല്ലാം പുറകിലാക്കി. എന്തുപറഞ്ഞുകൊടുത്താലും നിമിഷത്തിൽ മനസ്സിലാക്കും. പലതവണ പറഞ്ഞുകൊടുത്തിട്ടും പലക്കും മനസ്സിലാകാത്തതു ഒരു തവണ പറഞ്ഞുകൊടുക്കുമ്പോൾ യോഹന്നാനു മനപ്പാഠമായിരുന്നു. അതിനോടുകൂടെയാണു ആ കുട്ടിയോടുള്ള മതിപ്പു എനിക്കു ആദ്യം ഉണ്ടായതു. കാലക്രമത്തിൽ അതു വളന്നു് എനിക്കു അവനെപ്പററി വളരെ അത്ഭുതം തോന്നിത്തുടങ്ങി. മററു കുട്ടികളോടു പലപ്പോ

ഴം ഞാനിതു പരസ്യമായിത്തന്നെ പറകയും, അവർക്കു ഒരു മാതൃകയായി യോഹന്നാനെ ഞാൻ കാണിച്ചുകൊടുക്കുകയും ചെയ്തിരുന്നു. പഠനത്തിലുള്ള സാമർത്ഥ്യം മാത്രമാണെങ്കിൽ ഞാൻ അതു അത്ര കാര്യമായി കരുതുകയില്ലായിരുന്നു. പുണ്യത്തിലുള്ള അവന്റെ ഉത്സാഹമാണ് "എന്നെ അധികം ആകർഷിച്ചതു്".

പ്രിയ കുഞ്ഞുങ്ങളേ, നോക്കുക. മുളയിലറിയാം മുളക്കരുത്തു. ചെറുപ്പകാലത്തിൽ തന്നെ സൽസ്വഭാവത്തിന്റെ ലക്ഷണങ്ങൾ കാണാനിടയായാൽ ഭാഗ്യം. നിങ്ങളിൽ പലരും ഇപ്പോൾ വിദ്യാഭ്യാസം ചെയ്യുന്ന കാലമായിരിക്കുമല്ലൊ. നിങ്ങളുടെ അദ്ധ്യാപകന്മാർക്കു നിങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായമെന്തായിരിക്കും. മേല്പറഞ്ഞ അദ്ധ്യാപകൻ നമ്മുടെ യോഹന്നാനു കൊടുത്ത തരമുള്ള ഒരു സർട്ടിഫിക്കേറ്റു വാങ്ങിക്കുന്നതിന്നു നിങ്ങൾക്കു സാധിക്കുമോ? ഇല്ലെങ്കിൽ അതു ആരുടെ കുററമാണു. ഒന്നുശ്രമിച്ചുനോക്കുക. സൽസ്വഭാവികളായ കുഞ്ഞുങ്ങളെ കാണുന്നതു ദൈവത്തിനും മാലാഖമാർക്കും മനുഷ്യർക്കും എത്ര ആനന്ദപ്രദമായിരിക്കും!

## II. ഈ മാസത്തെ മദ്ധ്യസ്ഥ വി. ബ്രിജീത്താ പുണ്യവതി.

(തിരുനാൾ ഫെബ്രുവരി 27-ാംനു ബുധനാഴ്ച.)

അയർലാണ്ടുകാരുടെ ഒരു പ്രത്യേക മദ്ധ്യസ്ഥയാണു ഈ പുണ്യവതി. ചെറുപ്പം മുതൽ സാധുക്കൾക്കു സഹായം ചെയ്തുകൊടുക്കുന്നതിനു പുണ്യവതി വളരെ താല്പര്യമുള്ളവളായിരുന്നു. ഒരിക്കൽ പാലു കറന്നുകൊണ്ടുവരികയിൽ വഴിമദ്ധ്യേ കണ്ട ഭിക്ഷക്കാർക്കു പാലെല്ലാം കൊടുത്തു. വീട്ടിൽ ചെന്നപ്പോൾ ആദ്യമുണ്ടായിരുന്നതിലധികം പാൽപാത്രത്തിൽ കണ്ടു അത്ഭുതപ്പെട്ടു. ഇങ്ങനെ ജീവിതകാലത്തിൽ തന്നെ പല അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ടു്. ദൈവജനനിയുടെ പ്രത്യേക ഭക്തയായിരുന്നു. അയർലാണ്ടിൽ പുണ്യവതി വഴിയായി ഈ ഭക്തി വളരെ പരന്നിട്ടുണ്ടു്. വി. ബ്രിജീത്തായെ പാപം ചെയ്യുന്നതിനേക്കാൾ മരിക്കുന്നതിനുള്ള മനോഗുണം ഞങ്ങൾക്കു ലഭിച്ചുതരണമേ.




ചങ്ങനാശേരി 218-ാംനമ്പർ കെ. സി. സി. എം. ബാലസംഘം.

ഉണ്ണിമ്ശിഹായുടെ മുടിസംബന്ധിച്ച കഴിഞ്ഞമാസത്തേ മത്സരംവക ആൺകുട്ടികളുടെ 134 പേരുകളും, പെൺകുട്ടികളുടേതു 97 പേരുകളുമാണ ആകെ കിട്ടിയതു. ചിട്ടിയിട്ടെടുത്തതിൽ നെടിയകാട്ടു 555-ാംനമ്പർ സംഘത്തിൽപ്പെട്ട കുന്നൻകോട്ടുമാത്തൻ, ഇരിങ്ങാലക്കുട 5-ാംനമ്പർ സംഘത്തിലേ ടി. എൽ. റപ്പായി, രാമപുരം 140-ാംനമ്പർ ബാലികാസംഘത്തിലെ സി. ഒ. അന്നക്കുട്ടി, ടി. സംഘത്തിൽ തന്നെ, കെ. ഒ. ഏലി എന്നിവൎക്കു സമ്മാനങ്ങൾ കിട്ടിയിരിക്കുന്ന വിവരം സന്തോഷപൂൎവ്വം അറിയിച്ചുകൊള്ളുന്നു. * * *

ഈ ആണ്ടത്തേക്കു നമ്മുടെ പ്രത്യേക അഭ്യാസത്തിന്നു എടുത്തിരിക്കുന്നതു പ്രതിദിന ഭക്തികൃത്യങ്ങൾ മുടക്കാതെ നടത്തിവരുന്നതിനാണെന്നുള്ളതു മറന്നുപോയിട്ടില്ലല്ലോ. അതിലേക്കുകുറേക്കൂടെ ഉത്സാഹം വരുന്നതിനായി ഫെബ്രുവരിമാസംമുഴുവൻ ദിവസേനയുള്ളഅമ്പത്തിമൂന്നുമണിജപംമുടങ്ങാതെ മുട്ടിന്മേൽ നിന്നു എത്തിക്കയും, ഈ മാസത്തെആദ്യവെള്ളിയാഴ്ചകുൎബാനകൈക്കൊള്ളപ്പാട്ടു കഴിക്കയും ചെയ്യുന്നവർ സെക്രട്ടറിമാർവഴി പേരയച്ചുതരുന്നതായാൽ മേൽപ്പറഞ്ഞപ്രകാരമുള്ള നാലു സമ്മാനങ്ങൾ ആ വകയ്ക്കും ഉണ്ടാകുന്നതാണ. * * *

പൊതുഫണ്ടു തന്മാസംവരവു 5 രൂപായുൾപ്പടെ ആകെ 74 രൂപായിൽ സമ്മാനം വകയ്ക്കു 2൹ രൂപാചെലവുകഴിച്ചു 71൹രൂപായാണ ബാക്കി.

എന്നു നിങ്ങളുടെ സ്വ. കൊച്ചച്ചൻ

---

# വർത്തമാനസംഗ്രഹം.

## മെക്സിക്കോയിലെ തല്ക്കാലസ്ഥിതി.

കുറേനാളായി മെക്സിക്കോയിലെ വൎത്തമാനങ്ങളെപ്പററി അധികമൊന്നും കേൾക്കുവാനില്ലെങ്കിലും മതപീഡനം ഇനിയും അവസാനിച്ചിട്ടില്ലെന്നാണറിയുന്നതു്. പുതിയ പ്രസിഡണ്ടും പഴയ നയം തന്നെ തുടൎന്നുകൊണ്ടുപോകുന്നതിനു തീൎച്ചപ്പെടുത്തിയിരിക്കുന്നുവെന്നു പ്രസ്താവിച്ചതായി കാണുന്നു. മതവിരോധക നിയമങ്ങൾ ഭേദപ്പെടുത്തുന്നതിലേക്കു ഇരുപതുലക്ഷം കത്തോലിക്കർ ഒപ്പുവച്ച ഒരു ഭീമഹർജി കോൺഗ്രസ്സിൽ സമൎപ്പിക്കയുണ്ടായെങ്കിലും തത്സംബന്ധമായി യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അതിനെ തുടൎന്നു ഐക്യരാജ്യങ്ങളിൽ അഭയംപ്രാപിച്ചിട്ടുള്ള മെക്സിക്കൻ മെത്രാന്മാർ ചേൎന്നു ഒരു ഇടയലേഖനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. പ്രതീക്ഷയെക്കവിഞ്ഞു പീഡന കാലം നീണ്ടുനിൽക്കുന്നതിനെപ്പററി ഒട്ടും അധൈൎയ്യം വിചാരിക്കരുതെന്നും വിശ്വാസത്തിൽ സ്ഥിരമായി നില്ക്കണമെന്നും മററുമാണ അതിൽ പ്രധാനമായി ഉപദേശിച്ചിട്ടുള്ളതു്. വേഷചരന്നരായി നടന്നു ജനങ്ങളുടെആത്മീയ ആവശ്യങ്ങൾ നടത്തിക്കൊടുക്കുന്നവരായി മൂവായിരത്തിൽപ്പരം വൈദികർ ഇപ്പോഴും മെക്സിക്കോയിലുണ്ടെന്നു കാണുന്നതു ആശ്വാസജനകംതന്നെ. വൈദികാന്തസ്സിലേക്കുള്ള ദൈവവിളിപ്പു അവിടെ വൎദ്ധിച്ചുകൊണ്ടുമാണഇരിക്കുന്നതു. ഐക്യരാജ്യങ്ങളിൽ മൂന്നു സെമ്മിനാരികൾ മെക്സിക്കൻ വിദ്യാൎത്ഥികളെക്കൊണ്ടു തന്നെ നിറഞ്ഞിരിക്കുന്നു. സ്പെയിനിൽ 250 മെക്സിക്കൻ വൈദികവിദ്യാൎത്ഥികൾ പറിച്ചുവരുന്നുണ്ടു്. നൂററമ്പതോളം വിദ്യാൎത്ഥികൾ റോമയിലും വൈദികാദ്ധ്യയനം നടത്തിവരുന്നു. പൂൎണ്ണസമാധാനത്തിന്റെ കാലം ആഗതമാകുന്നതുവരെ നാമും ഹൃദയപൂൎവ്വം പ്രാൎത്ഥിക്കുകതന്നെ.

പരിശുദ്ധ പിതാവു തിരുമനസ്സുകൊണ്ടു ജോർജ്ജു ചക്രവർത്തി തിരുമനസ്സിലെ രോഗശമനത്തിൽ പ്രദർശിപ്പിച്ച ഔൽസുക്യത്തെപ്പററി ബ്രിട്ടീഷ് ഗവർമ്മെണ്ടിനും രാജകുടുംബത്തിനുമുള്ള കൃതജ്ഞതയെ കാർഡിനൽ ബോൺ വഴിയായി പരിശുദ്ധപിതാവിനെ അറിയിച്ചിരിക്കുന്നു.

തൃശ്ശൂർ മെത്രാൻ നി. വ. ദിവ്യശ്രീ ഡോക്ടർ ഫ്രാൻസീസ് വാഴപ്പിള്ളി തിരുമനസ്സുകൊണ്ടു മാർപ്പാപ്പാ തിരുമേനിയെ ഔദ്യോഗികമായി സന്ദർശിക്കുന്നതിനുലക്കു ഏപ്രിൽ മാസത്തിൽ റോമയിലേക്കു പുറപ്പെട്ടുമെന്നറിയുന്നു.

വരാപ്പുഴ പുത്തൻപള്ളി സെമിനാരിയിൽ നിന്നു ഇത്തവണ 27 ശെമ്മാശന്മാർ കുർബാനപ്പട്ടമേററിട്ടുള്ളവരിൽ പത്തുപേർ ചങ്ങനാശേരി രൂപതക്കാരാണ്. എറണാകുളം അതിരൂപതയിൽ നിന്നു മൂന്നുപേരും തൃശ്ശൂർ രൂപതയിൽ നിന്നു നാലു പേരും കോട്ടയത്തുനിന്നും ഒരാളുമാണുണ്ടായിരുന്നതു്.

കോട്ടയം രൂപതയിൽ നിന്നു റോമിലെ പ്രോപ്പഗാന്തകോളേജിൽ പഠിച്ചിരുന്ന റവ. സിറിയ്ക്ക് മററം അവർകൾ ഡിസംബർ 22-ാംനു- ലാറെററാൽ ദേവാലയത്തിൽവച്ചു ഗുരുപ്പട്ടമേററു 23-ാംനു- നവപൂജ അർപ്പിച്ചിരിക്കുന്നു. ജൂലൈ മാസത്തോടുകൂടെ അദ്ദേഹത്തിന്റെ പഠനം അവസാനിപ്പിച്ചു ഇൻഡ്യയിലേക്കു മടങ്ങുന്നതാണ്.

അഫ്ഗാനിസ്ഥാനിലെ കലഹക്കാർ ശക്തിപ്രാപിച്ചു് തലസ്ഥാനനഗരം കൈവശപ്പെടുത്താൻ തുടങ്ങുകയിൽ അമീർ സ്ഥാനത്യാഗം ചെയ്തു. അദ്ദേഹത്തിന്റെ ഒരു സഹോദരനെ രാജാവായി വാഴിച്ചെങ്കിലും അദ്ദേഹവും ഉടനെ സ്ഥാനമൊഴിഞ്ഞു ഒളിച്ചോടിപ്പോയി. ലഹളത്തലവൻ അമീറായിഭരണം തുടങ്ങുകയുണ്ടായി. എങ്കിലും പഴയ അമീർ വീണ്ടും ശക്തിപ്രാപിച്ചു വരുന്നതായി അറിയുന്നു.

കാർഡിനൽ ലെപ്പിസിയെ തിരുമേനിയെ സന്യാസികളെ സംബന്ധിച്ചുള്ള തിരുസംഘത്തിന്റെ അദ്ധ്യക്ഷനായി നിയമിച്ചിരിക്കുന്നു. ദീർഘനാളായി ഈ തിരുസംഘത്തിന്റെ പ്രീഫെക്ടായിരുന്ന കാർഡിനൽ ലൌറേന്തിയേ റീത്തുകളുടെ തിരുസംഘത്തിന്റെ പ്രോപ്രീഫെക്ടായി നിയമിച്ചിരിക്കുയാണു.

ധന്യനായ ഡോൺബോസ്കോയെ പരിശുദ്ധ പിതാവിന്റെ ഗുരുപ്പട്ട സുവർണ്ണജൂബിലിവത്സരം സംബന്ധിച്ചുള്ള ആഘോഷങ്ങളോടുകൂടെ ഇക്കൊല്ലം വാഴ്ത്തപ്പെട്ടവനെന്നു നാമകരണം ചെയ്യാനിടയുണ്ടെന്നറിയുന്നു.

ഉത്തരധ്രുവത്തിലേക്കുള്ള വിമാനയാത്രയും അപകടവും കഴിഞ്ഞു് തിരിച്ചെത്തിയിട്ടുള്ള ജനറൽ ദെ നോബിലി കഴിഞ്ഞ മാസത്തിൽ പരിശുദ്ധ പിതാവിനെ സന്ദർശിച്ചിരിക്കുന്നു. ഗ്രിഗോറിയൻ യൂണിവേഴ്സിററിയുടെ റെക്ടരും, വിമാനയാത്രയിൽ ജീവനാശം വന്നതായി ഊഹിക്കപ്പെട്ടിരുന്ന ദേഹവുമായ ഫാദർ ജിയാൻ ഫ്റഞ്ചെഷി അവർകളും തദവസരത്തിൽ സന്നിഹിതനായിരുന്നു. "ഉത്തര ധ്രുവത്തിലെ കുരിശുയുദ്ധക്കാരൻ" എന്നാണ് പരിശുദ്ധ പിതാവു് നോബിലിയെ സംബോധന ചെയ്തതു്. യാത്ര പറഞ്ഞു പിരികയിൽ പാദചുംബനത്തിനായി ജനറൽ മുട്ടുകുത്തിയെങ്കിലും മാർപ്പാപ്പാ അദ്ദേഹത്തെ പിടിച്ചു എഴുനേല്പിക്കയാണ് ചെയ്തതു്.

വാഴക്കുളം ഇടവക വലിയവീട്ടിൽ പെ. ബ. ഗീവറുഗീസച്ചനവർകൾ ജനുവരി 19ാംനു- ശനിയാഴ്ച രാവിലെ എറണാകുളം ആസ്പത്രിയിൽവച്ചു അന്ത്യകൂദാശകൾ എല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടശേഷം 77-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. വളരെക്കാലം പുത്തൻപള്ളിസെമ്മിനാരിയിലെ സുറിയാനി മല്പാനും, എറണാകുളം അതിരൂപതയിലെ ആലോചന സംഘാംഗവുമായിരുന്നു പല വിധത്തിൽ പ്രസിദ്ധനായിരുന്ന ഈ വന്ദ്യദേഹത്തിന്റെ ആത്മാനുകൂലാർത്ഥം വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

## മനോഗുണ വിവരങ്ങൾ.

☞ ചുരുക്കമായി ഈവിധ വിവരങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാ മുമ്പേറടച്ചു അപേക്ഷിക്കണം.

വി. അന്തോനീസിൻെറയും വി. കൊച്ചുത്രേസ്യായുടെയും പ്രത്യേക സഹായത്താൽ ഞാൻ കഴിഞ്ഞ കൊല്ലം സ്കൂൾഫൈനൽ പരീക്ഷയിൽ വിജയം പ്രാപിച്ചതിനു ഉപകാരസ്മരണ.

ജി. പി. അഡൂർ.

വി. കൊച്ചുത്രേസ്യാപുണ്യവതിയുടെ മാദ്ധ്യസ്ഥത്താൽ സാംക്രമികരോഗത്തിൽ നിന്നു കന്നുകാലി രക്ഷപ്രാപിച്ചതിന്.

ചാക്കോ പടമററം.

വി. കൊച്ചുത്രേസ്യായുടെയും, ക്രൂശിക്കപ്പെട്ട സിസ്റ്റർ മേറിയുടെയും മദ്ധ്യസ്ഥതയാൽ എൻെറ സഹോദരനു ജോലി കിട്ടിയതിനും സഹോദരിയുടെ സുഖക്കേടിനു ശമനം ഉണ്ടായതിനും ഉപകാരസ്മരണ.

ജെയിൻ ജെ. പെറെയിരാ സിലോൺ.

മലയാററൂർ കുരിശുമലമുത്തപ്പൻെറയും കിഴപുറയാററിൽ ചീങ്കല്ലേൽ വി. ഗ്രിഗോരിയോസു പുണ്യവാൻെറയും സഹായത്താൽ എൻെറ ഭാൎയ്യ ഗർഭിണിയായി സുഖപ്രസവം നടന്നതിനു ഉപകാരസ്മരണ.

വി. എം. റി. പാലാ.

കൊച്ചുത്രേസ്യാപുണ്യവാളത്തിയുടെയും ആലങ്ങാട്ടു കോടത്തുംപുരത്തുണ്ണിയുടെയും സഹായത്താൽ അപേക്ഷിച്ചകാൎയ്യം സാധിച്ചതിനുപകാരസ്മരണയായി രണ്ടുരൂപാ അയക്കുന്ന് മിസ്സിസ് ലോനപ്പൻ കാച്ചപ്പള്ളി മൂഴിക്കുളം.

ഈശോയുടെ തിരുഹൃദയത്തിൻെറയുംപരിശുദ്ധ ജനനിയുടെയും വി. കൊച്ചുത്രേസ്യായുടെയും മാർ അന്തോനീസിൻെറയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യങ്ങൾ സാധിച്ചതിന്.

ഇ. വി. ഗോമസ് മുണ്ടശ്ശേരി.

ടൂറിൻപട്ടണത്തിലുള്ള സെന്തോനാ തിരുവസ്ത്രത്തിൻെറ ഭക്തിവഴിയായി എൻെറസുഖക്കേടിനു ഭേദം കിട്ടിയതിന്.

ഇ. ജി. ആൻറണി വെങ്കിടാങ്ങ്.

വി. കൊച്ചുത്രേസ്യായുടെയും കാലം ചെയ്ത കുൎയ്യാളശ്ശേരിൽ മാർ തോമ്മാമെത്രാനച്ചൻെറയും സഹായത്താൽ രോഗശമനമുണ്ടായതിനു ഉപകാരസ്മരണ.

പി. സി. അതിരമ്പുഴ

വി. കൊച്ചുത്രേസ്യായുടെയും വി. റീത്താ പുണ്യവതിയുടെയും സഹായത്താൽ എൻെറ പ്രസവം അരിഷ്ടതയൊന്നുംകൂടാതെ കഴിഞ്ഞതിനുപകാരസ്മരണ.

സി. എം. ത്രേസ്യാ കിഴവൻകുളം.

തിരുഹൃദയത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദേശിച്ച കാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ.

പി. കെ. കുൎയ്യൻ മേസ്തിരി ശാന്തമ്പാറ.

---

## ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

ചെറുപള്ളി ഇടവക എളമ്പ്രം ചാമത്തിൽ ഈപ്പൻെറ ഭാൎയ്യ ശ്രീമതി അന്നമ്മ ഡിസംബർ 6–ാം തിയതി വയസ്സ് 58.

പാലാ 180–ാം നമ്പർ കെ. സി. സി. ഏ. ബാലികാസംഘത്തിലെ ഒരംഗമായ ശ്രീമതി പി. കെ. മറിയാമ്മ ഡിസംബർ 24.

പുളിംകുന്നു ചിററൂത്തറ കുടുംബത്തിലെ ഒരംഗവും ബ. കുസുമോസ് ദമിയാനോസ് അച്ചന്മാരുടെയും കന്യാസ്ത്രി ദ്രസീത്താമ്മയുടെയും സഹോദരിയുമായ കൊച്ചേടാടിക്കൽ ജോസഫ് മറിയാമ്മ ഡിസംബർ 28–ാം തീയതി 36 വയസ്സ്.

അമ്പഴക്കാട്ടു പള്ളിയിടവക വടക്കൂടൻ ഊക്കൻ തോമ്മാ അന്തോനി ഡിസംബർ 29–ാം നു- 51 വയസ്സ്

പരേതനായ ക. നി. മൂ. സ. ബ. പവിയാനോസച്ചൻെറ സഹോദര പുത്രൻ പൈമ്പള്ളി ദേവസ്യാകുഞ്ഞു ജനുവരി 2–ാംനു- 15 വയസ്സ്

വടകര ഇടവക കണിയാമററത്തിൽ ശ്രീമതി അന്നാമ്മ ജനുവരി 18–ാം നു- 76 വയസ്സ്.

# പഞ്ചാംഗം.

---

എപ്പക്ത്തി ഫൻ. .൰൯ ഞായറാഴ്ച അക്ഷരം. ൬

## ൧൯൨൯ ഫെബ്രുവരി — ൧൧൦൪ മകരം. - കുംഭം.

| | | | | |
|---|---|---|---|---|
| 1 | 19 | വെ | അ. വേ. അഗനാത്തീസു ന. ആ. കു. പെ. | ച്ചു. |
| 2 | 20 | ശ | ✠ ക. മറിയത്തിന്റെ ശുദ്ധീകരണം. ന. കു. പെ. | വെ. |
| | | | മുഴൂർ, കടമാളൂർ, പാലാ, ഇലഞ്ഞി, നരിവേലി. | |
| 3 | 21 | ഞാ | ✠ 60-ാം ഞായർ [illegible] ന. കു. ആ. [illegible] | റോ. |
| | | | കൈപ്പുഴ കർമ്മലമാതാ. ദശനം. | |
| 4 | 22 | തി | ആ. മൗ. അന്ത്രയോസു കുർസീനി ന. ആ. കു. പെ. | വെ. |
| 5 | 23 | ചൊ | ക. വേ. അഗസാ ന. ആ. കു. പെ. | ച്ചു. |
| | | | ന. ക. കഷ്ടാനുഭവം ന. ആ. കു. പെ. | ച്ചു. |
| 6 | 24 | ബു | ക. വേ. ദൊറോത്തെയാ ന. ആ. കു. പെ. | ച്ചു. |
| | | | അ. മൗ. തെത്തോസ് ന. ആ. കു. പെ. | വെ. |
| 7 | 25 | വ്യാ | ആബാ റൊമുവാൽദൊസ് ന. ആ. കു. പെ | വെ. |
| 8 | 26 | വെ | മൗ. യോ. മാത്താ ന. ആ. കു. പെ. | വെ. |
| 9 | 27 | ശ | ക. വേ. അപ്പൊലോനിയാ. ന. ആ. കു. പെ. | ച്ചു. |
| 10 | 28 | ഞാ | ✠ 50-ാം ഞായർ ന. കു. ആ. [illegible] | റോ. |
| | | | കാഞ്ഞിരക്കാട്ടു അന്തോനീസു തിരുനാൾ. | |
| | | | ☞ ഇന്നു പാതിരാവിൽ 50 നോമ്പു തുടങ്ങുന്നു. | |
| 11 | 29 | തി | ക. മറിയത്തിന്റെ പ്രത്യക്ഷം ന. ആ. കു. പെ. | വെ. |
| 12 | 1 | ചൊ | പാ. വേ. ദിയോനിസ്യോസ് ന. ആ. കു. പെ. | ച്ചു. |
| 13 | 2 | ബു | വിഭൂതി ന. കു. ആ. | റോ |
| 14 | 3 | വ്യാ | പാ. വേ. വലന്തീനോസ് ന. ആ. കു. പെ. | ച്ചു |
| 15 | 4 | വെ | വേ പൗസ്തീനോസും കൂട്ടരും ന. ആ. കു. പെ. (ഒ. നേ.) | ച്ചു |
| | | | അ. വേ. പത്രോസ് തോമ്മ ന. ആ. കു. പെ. | ച്ചു |
| 16 | 5 | ശ | വേ. യോഹന്നാൻ ബ്രി. ന. ആ. കു. പെ. | ച്ചു |
| 17 | 6 | ഞാ | ✠ നോമ്പു 1-ാം ഞായർ ന. കു. ആ. [illegible] | റോ |
| 18 | 7 | തി | അ. വേ. ശെമഓൻ ന. ആ. കു. പെ. | ച്ചു |
| 19 | 8 | ചൊ | ന. കു. ആ. | റോ |
| | | | വാഴക്കുളം നാല്പതുമണിയാരാധന ആരംഭം. | |
| 20 | 9 | ബു | ന. കു. ആ. പട്ടം | റോ |
| 21 | 10 | വ്യാ | ന. കു. ആ. | റോ |
| 22 | 11 | വെ | ശ്ലീ. പത്രോസ് അന്ത്യോക്യാസിം. ന. ആ. കു. പെ. (ഒ. നേ.) | വെ |
| 23 | 12 | ശ | ശ്ലീ. മത്യാ. തലേ. ന. ആ. കു. ത. | റോ |
| | | | അ. മൗ. മ. പത്രോസ് ദമി. ന. ആ. കു. പെ. | വെ |
| 24 | 13 | ഞാ | ✠ നോമ്പു 2-ാം ഞായർ ന. കു. ആ. [illegible] | റോ |
| | | | അടുത്ത 1-ാംനു- ആദ്യവെള്ളി. | |
| 25 | 14 | തി | ന. കു. ആ. (†) ശ്ലീ. മത്യാ. ന. ആ. കു. പെ. (ഇന്നലെ) | ച്ചു |
| 26 | 15 | ചൊ | ന. കു. ആ. | റോ |
| | | | കോട്ടയം മെത്രാനച്ചൻ തിരുമനസ്സിലെ നാമകാരണൻ. | |
| 27 | 16 | ബു | ന. കു. ആ. | റോ |
| 28 | 17 | വ്യാ. | ന. കു. ആ. | റോ |

---

Printed and Published for the Proprietor by P. K. Joseph at the St. Joseph's Press, Mannanam, 1929.